വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലനത്തിനും നടത്തിപ്പിനുമുള്ള മാർഗനിർദേശങ്ങൾ

സംസ്ഥാന പദ്ധതി നിർവഹണ യൂണിറ്റ്

ദേശീയ ചുഴലിക്കാറ്റ് അപകട സാധ്യതാ ലഘൂകരണ പദ്ധതി - രണ്ടാം ഘട്ടം

കേരളം

മാർച്ച് 2021

ഉള്ളടക്കം

ആമുഖം 5

ചുഴലിക്കാറ്റിന് വിധേയമാകാനുള്ള സംസ്ഥാനത്തിന്റെ സാധ്യത 5

ദുർബലമായ തീരദേശ ജനസംഖ്യ വിവരങ്ങൾ 6

വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രത്തിന്റെ ആവശ്യകത 6

വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം (എം.പി.സി.എസ്സ്) 6

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന-നടത്തിപ്പ് കമ്മറ്റി രൂപീകരണം 7

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന-നടത്തിപ്പ് കമ്മറ്റി ഘടന 7

അഭയകേന്ദ്ര പരിപാലനത്തിനുള്ള മാർഗനിർദേശങ്ങൾ 8

സഞ്ചിതനിധിയുടെ പരിപാലനം 9

സാധാരണ സമയങ്ങളിൽ അഭയകേന്ദ്രങ്ങളുടെ ഇതര ഉപയോഗം: 10

അടിയന്തര പ്രതികരണ സംഘങ്ങൾക്കുള്ള (എമർജൻസി റെസ്പോൺസ് ടീമുകൾക്കുള്ള-ഇആർടി) പരിശീലനം ... 11

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന-നടത്തിപ്പ് കമ്മറ്റിയുടെ ലക്ഷ്യങ്ങൾ 11

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന-നടത്തിപ്പ് കമ്മറ്റി ഉത്തരവാദിത്തങ്ങൾ: 12

കമ്മറ്റിയുടെ രജിസ്ട്രേഷൻ: 13

രേഖകളുടെ സൂക്ഷിപ്പും റിപ്പോർട്ട് ചെയ്യുന്നതും: 13

റിപ്പോർട്ട് സമർപ്പണം : 14

സാമ്പത്തിക മാർഗനിർദേശങ്ങൾ 14

അഭയകേന്ദ്ര ഉപകരണങ്ങൾ 15

കാര്യ ശേഷി വർദ്ധിപ്പിക്കലും, പരിശീലന സ്ഥാപനങ്ങളും 17

സർക്കാർ ഉദ്യോഗസ്ഥർക്ക് വിവിധ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ 21

അത്യാഹിത രക്ഷാ മാർഗം (താഴത്തെ നില) 22

അത്യാഹിത രക്ഷാ മാർഗം (ഒന്നാം നില) 23

അത്യാഹിത രക്ഷാ മാർഗം (രണ്ടാം നില) 24

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ പങ്കാളിത്ത പത്രിക 25

പ്രഖ്യാപനം 28

നിയമാവലി 29

ജനറൽ ബോഡി 32

അംഗങ്ങളുടെ അവകാശങ്ങളും ബാധ്യതകളും 32

പൊതുസഭയിലെ അംഗങ്ങളുടെ അവകാശങ്ങൾ 32

പൊതുസഭയുടെ അംഗങ്ങളുടെ കടപ്പാടുകൾ: 32

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ കാലയളവും, പിരിച്ചുവിടലും 33

ചെയർപേഴ്സന്റെ അധികാരങ്ങളും പ്രവർത്തനങ്ങളും 34

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധികാരങ്ങളും പ്രവർത്തനങ്ങളും 34

കൺവീനർ / ട്രഷറർ അധികാരങ്ങളും പ്രവർത്തനങ്ങളും 35

റിപ്പോർട്ടിംഗ് 36

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ അധികാരങ്ങൾ 36
ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ നടപടിക്രമങ്ങൾ 36
ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ പ്രവർത്തനങ്ങൾ 36
ഉത്തരവാദിത്തങ്ങൾ 37
ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ പ്രവർത്തനങ്ങൾ 37
സാധാരണ സമയത്തെ പ്രവർത്തനങ്ങൾ 37
പരിപാലനവും/അറ്റകുറ്റപ്പണികളും 38
ദുരന്ത സമയത്തെ പ്രവർത്തനങ്ങൾ 38
യോഗങ്ങൾ : കോറം 40
വോട്ടെടുപ്പ് 40
പൊതുയോഗം 40
സാമ്പത്തികവും –പൊതു മാർഗനിർദേശങ്ങളും 41
നിയമ നടപടി: 42
ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി ബാധ്യത: 43

ആമുഖം

ഇന്ത്യൻ കാലാവസ്ഥ നിരീക്ഷണ വകുപ്പിന്റെ 2013-ലെ അവലോകന കുറിപ്പ് പ്രകാരം ഇന്ത്യയുടെ ജനസംഖ്യയിൽ നാൽപ്പത് ശതമാനത്തോളം ആളുകൾ തീരദേശത്ത് നിന്നും 1 കിലോമീറ്ററിനുള്ളിൽ വസിക്കുന്നവരാണ്. ഇന്ത്യൻ സമുദ്ര തീരങ്ങളാകട്ടെ വിവിധങ്ങളായ തീര സംബന്ധിയായ അപകടങ്ങൾക്ക് വിധേയപ്പെടാൻ സാധ്യതയുള്ളതും ഇതു മൂലം തീരദേശ വാസികൾക്ക് ജീവനും സ്വത്തിനും മാത്രമല്ല അവരുടെ ഉപജീവന മാർഗത്തിനും തുടർച്ചയായ നാശനഷ്ടങ്ങൾ വരുത്തുന്നതുമാണ്. ആകെയുള്ള 7516 കിലോമീറ്റർ തീരദേശം മുഴുവനായും വ്യത്യസ്ത ഇടവേളകളിൽ ശക്തമായ ചുഴലിക്കാറ്റ് ഭീഷണിക്ക് സാധ്യതയുള്ളതാണെങ്കിലും ഇതിൽ 5700 കിലോമീറ്റർ ഉഷ്ണമേഖലാ ചുഴലിക്കാറ്റ്, വേലിയേറ്റം-വേലയിറക്കം, വെള്ളപ്പൊക്കം എന്നിവയുടെ കടുത്ത ഭീഷണിയിലാണ്. ലോകത്തുണ്ടാകുന്ന കൊടുങ്കാറ്റുകളിൽ ഏഴുശതമാനം മാത്രമാണ് അറബിക്കടലിലും ബംഗാൾ ഉൾകടലിലും രൂപപ്പെടുന്നതെങ്കിലും ഇതിന്റെ അനന്തരഫലം മറ്റുള്ളവയുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ വലുതും വിനാശകാരിയുമാണ്.

തീരദേശത്ത് സ്ഥായിയായ ചുഴലിക്കാറ്റ്, മറ്റ് ജല-കാലാവസ്ഥ വ്യതിയാനം എന്നിവ മൂലം ഉണ്ടാകുന്ന അപകട സാധ്യത ലഘൂകരണത്തിന് വേണ്ടിയാണ് ആഭ്യന്തര വകുപ്പിന്റെ കീഴിൽ ദേശീയ ചുഴലിക്കാറ്റ് അപകട സാധ്യത ലഘൂകരണ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചത്. ചുഴലിക്കാറ്റിന് സാധ്യത നിലനിൽക്കുന്ന സംസ്ഥാനങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള സംസ്ഥാനത്ത് ഒൻപത് തീരദേശ ജില്ലകളിൽ നടപ്പിലാക്കി വരുന്ന അഭയകേന്ദ്രങ്ങളുടെ നിർമാണം ഘടനാപരമായ അപകട സാധ്യതാ ലഘൂകരണ നടപടികളിൽ പ്രധാന ഘടകമാണ്.

ചുഴലിക്കാറ്റിന് വിധേയമാകാനുള്ള സംസ്ഥാനത്തിന്റെ സാധ്യത

2011 ലെ കാനേഷുമാരി കണക്കനുസരിച്ച് കേരളത്തിലെ തീരദേശ ജനസംഖ്യ 42.29 ലക്ഷവും ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 4228 ഉം ആകുന്നു. ഇതിൽ ഭൂരിഭാഗവും ജീവിത മാർഗത്തിന് കടലിനെ ആശ്രയിച്ച് കഴിയുന്ന തീരദേശ സമൂഹത്തിൽപ്പെടുന്നവരാണ്. തിരമാല, ശക്തമായ കാറ്റ്, തീരത്തെ മണ്ണൊലിപ്പ്, ശക്തമായ മഴ, ഇവ മൂലമുണ്ടാകുന്ന വെള്ളപ്പൊക്കം എന്നിവ നിരന്തരം തീരദേശ ജനങ്ങളെ സാമൂഹികവും സാമ്പത്തികവുമായി ബാധിക്കുന്നു.

മഴക്കാലത്ത് തുടർച്ചയായുള്ള മഴ, വെള്ളപ്പൊക്കം, തീരദേശ മണ്ണൊലിപ്പ് ഇവ കാരണം ധാരാളം ജീവഹാനിയുണ്ടാകാൻ സാധ്യതയുള്ളതിനാൽ ആളുകളെ സുരക്ഷിത സ്ഥാനങ്ങളിൽ മാറ്റിപ്പാർപ്പിക്കേണ്ട ഉത്തരവാദിത്തം സർക്കാരിനുണ്ട്. കൂടാതെ മത്സ്യ തൊഴിലാളികളിൽ ഭൂരിഭാഗവും തീരെ ഗുണനിലവാരം കുറഞ്ഞ താത്കാലിക കെട്ടിടങ്ങളിലാണ് വസിക്കുന്നത് എന്നത് അപകട സാധ്യത വർദ്ധിപ്പിക്കുന്നു.

ദുർബലമായ തീരദേശ ജനസംഖ്യ വിവരങ്ങൾ

ജില്ല	തീരദേശം (കി.മീ)	തീരദേശഗ്രാമങ്ങളുടെ എണ്ണം	ദുർബലരായ ജനസംഖ്യ
തിരുവനന്തപുരം	78	17	58851
കൊല്ലം	37	12	19536
ആലപ്പുഴ	82	35	123081
ഏറണാകുളം	46	23	49174
തൃശ്ശൂർ	54	18	27702
മലപ്പുറം	70	22	40530
കോഴിക്കോട്	71	30	46789
കണ്ണൂർ	82	26	34932
കാസറഗോഡ്	70	42	22890

*ഉറവിടം : സെൻസസ് 2011. * തീരപ്രദേശത്ത് നിന്ന് 0.5 കി.മീ. അകലെയുള്ള ജനസംഖ്യ ദുർബലമാണെന്ന് കണക്കാക്കപ്പെടുന്നു, എന്നാൽ ആലപ്പുഴ, ഏറണാകുളം ജില്ലകളിൽ ഈ പരിധി തീരപ്രദേശത്ത് നിന്ന് 1 കി.മീ. ദൂരമുണ്ട്, കാരണം ജില്ലകളിലെ ചില പ്രദേശങ്ങൾ സമുദ്രനിരപ്പിന് താഴെയാണ് സ്ഥിതിചെയ്യുന്നത്.*

വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രത്തിന്റെ ആവശ്യകത

ചുഴലിക്കാറ്റുകൾ, അനുബന്ധ വേലിയേറ്റ തിരമാലകൾ, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, എന്നിവയ്ക്ക് വിധേയരാകുന്ന സമൂഹത്തിന് സുരക്ഷിതവും ആരോഗ്യപരവുമായ അഭയകേന്ദ്രങ്ങളുടെ അഭാവം കൂടുതൽ അപകട സാധ്യതകൾക്ക് അവരെ വിധേയരാക്കുന്നു. നിലവിൽ അത്തരം അവസരങ്ങളിൽ പള്ളിക്കൂടങ്ങൾ, സാമൂഹിക കേന്ദ്രങ്ങൾ, താത്കാലികമായി പണിത പന്തലുകൾ എന്നിവയിലാണ് ഈ ജനങ്ങളെ പാർപ്പിക്കുന്നത്. ഈ കേന്ദ്രങ്ങളിലാകട്ടെ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളുടെ അഭാവം കാരണം കൂടുതൽ സമയം ജനങ്ങളെ പാർപ്പിക്കുന്നതിന് സാധ്യമല്ലാതെ വരുന്നു.

ഈ സാഹചര്യത്തിൽ ഇത്തരത്തിലുള്ള അപകടകരമായ അവസ്ഥയ്ക്ക് വിധേയമാകുന്ന ജനങ്ങൾക്ക് സ്ഥിരമായി സുരക്ഷിതവും ആരോഗ്യപരവുമായ ഒരു അന്തരീക്ഷം ലഭ്യമാക്കപ്പെടുന്നു എന്നത് വിവിധോദ്ദേശ്യ അഭയകേന്ദ്രങ്ങളുടെ നിർമാണത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം (എം.പി.സി.എസ്സ്)

ദേശീയ ചുഴലിക്കാറ്റ് അപകട സാധ്യതാ ലഘൂകരണ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ കേരള പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമാണം പൂർത്തിയാക്കുന്ന അഭയകേന്ദ്രങ്ങളുടെ ഉടമസ്ഥാവകാശം കേരള സർക്കാരിന്റെ റവന്യൂ- ദുരന്തനിവാരണ വകുപ്പിനാണ്. നിർമാണം പൂർത്തിയാക്കുന്ന അഭയകേന്ദ്രങ്ങൾ പ്രാദേശിക ഔദ്യോഗിക-അനൗദ്യോഗിക അംഗങ്ങൾ ഉൾപ്പെട്ട, സർക്കാർ നിശ്ചയിച്ച സമിതിയായിരിക്കും പരിപാലിക്കുന്നത്.

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന-നടത്തിപ്പ് കമ്മറ്റി രൂപീകരണം

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന-നടത്തിപ്പ് കമ്മറ്റി [സൈക്ലോൺ ഷെൽട്ടർ മാനേജ്മെന്റ് ആൻഡ് മെയിന്റനൻസ് കമ്മറ്റി (സിഎസ്എംഎംസി)] രൂപീകരിക്കുന്നതിന്റെ മുഴുവൻ പ്രക്രിയയും സംബന്ധിച്ചുള്ള വലിയ തോതിലുള്ള ബോധവൽക്കരണം സമൂഹത്തിൽ നൽകേണ്ടതായിട്ടുണ്ട്. സാമൂഹ്യ-വിഭവ സമാഹരണ പ്രവർത്തനത്തിന്റെ ഭാഗമായി ഓരോ ജില്ലകളിലും നിയോഗിച്ചിട്ടുള്ള ലോക്കൽ കമ്മ്യൂണിറ്റി മൊബിലൈസർമാർ (എൽസിഎം) അഭയകേന്ദ്ര നിർമാണ സ്ഥലങ്ങളിൽ പതിവായി സന്ദർശനങ്ങൾ നടത്തുകയും, അവർ അഭയകേന്ദ്ര തലത്തിൽ ജനങ്ങളുടെ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ കാര്യശേഷി വർദ്ധിപ്പിക്കുവാൻ ഉതകുന്ന പരിപാടികൾ ഏകോപിപ്പിക്കുകയും നടപ്പാക്കുകയും ചെയ്തു വരുന്നു. ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന-നടത്തിപ്പ് കമ്മറ്റി രൂപീകരിക്കുന്നതിന് മുമ്പായി, എൽസിഎം, പദ്ധതി പ്രദേശത്ത് യോഗങ്ങൾ വിളിക്കുകയും, ഈ യോഗത്തിൽ കമ്മറ്റി രൂപീകരിക്കുന്ന വിവിധ തലങ്ങളിലുള്ള ഒരു പ്രക്രിയ ഉൾപ്പെടെ, ഈ കമ്മറ്റികൾ രൂപീകരിക്കുന്നതിന്റെ എല്ലാ ഘട്ടങ്ങളിലും സമൂഹത്തിലെ അംഗങ്ങളെ ബോധവത്കരിക്കുന്നതിന് സാമൂഹിക വിഭവ സമാഹരണം ആവശ്യമാണ്. കമ്മറ്റി രൂപീകരിക്കുന്നതിന് മുമ്പ് പദ്ധതിയുടെ വിശദാംശങ്ങൾ ഗ്രാമസഭയിൽ ചർച്ച ചെയ്യേണ്ടതുമുണ്ട്.

അഭയകേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ / തൊട്ടടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി/ പട്ടികവർഗ വിഭാഗങ്ങൾ, ഭിന്നശേഷി വിഭാഗക്കാർ, ഭിന്നലിംഗ വിഭാഗം എന്നിവരുടെ പ്രാതിനിധ്യം കമ്മറ്റിയിൽ ഉറപ്പാക്കേണ്ടതുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും കമ്മറ്റി പ്രോത്സാഹിപ്പിക്കുകയും ഓരോ അടിയന്തര പ്രതികരണ സംഘത്തിലും 50% സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുകയും വേണം.

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന-നടത്തിപ്പ് കമ്മറ്റി ഘടന

ക്രമ നം.	പദവി	സമിതിയിലെ സ്ഥാനം
1	പഞ്ചായത്ത് പ്രസിഡന്റ് /മുനിസിപ്പൽ ചെയർപേഴ്സൺ/മേയർ (*അഭയകേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലത്തെ)	അദ്ധ്യക്ഷൻ
2	സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനം (അഭയകേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലത്തെ)	ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
3	വില്ലേജ് ഓഫീസർ/ പ്രധാന അധ്യാപകൻ (അഭയകേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലത്തെ)	കൺവീനർ/ കസ്റ്റോഡിയൻ
4	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മെമ്പർ (**സെർവ്ഡ് - തദ്ദേശ സ്വയം ഭരണ സ്ഥാപനം)	കമ്മറ്റി അംഗം
5	ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ	കമ്മറ്റി അംഗം
6	അഭയകേന്ദ്രം സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ മുഴുവൻ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും	കമ്മറ്റി അംഗങ്ങൾ

7	ബന്ധപ്പെട്ട ഫയർ സ്റ്റേഷനുകളുടെ ഡിവിഷണൽ ഫയർ ഓഫീസറുടെ പ്രതിനിധി	കമ്മറ്റി അംഗം
8	പ്രധാന ജലസേചന വകുപ്പിന്റെ പ്രതിനിധി	കമ്മറ്റി അംഗം
9	ഫിഷറീസ് വകുപ്പിന്റെ പ്രതിനിധി	കമ്മറ്റി അംഗം
10	സിഡിഎസ് ചെയർപേഴ്സൺ , ഷെൽട്ടർ & സെർവ്ഡ് തദ്ദേശസ്വയംഭരണ സ്ഥാപനം	കമ്മറ്റി അംഗം
11	1 വർഷത്തേക്ക് ചെയർപേഴ്സൺ നാമനിർദേശം ചെയ്ത ഭിന്നശേഷി വ്യക്തികളിൽ നിന്നുള്ള ഒരു പ്രതിനിധി	കമ്മറ്റി അംഗം
12	മൽത്സ്യബന്ധന/ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽ നിന്നുള്ള വനിതാ പ്രതിനിധി.	കമ്മറ്റി അംഗങ്ങൾ
13	എൻസിസി / എസ്പിസി / ബാലസഭയിൽ നിന്നുള്ള പ്രതിനിധി (ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും)	കമ്മറ്റി അംഗങ്ങൾ

*അഭയകേന്ദ്രം സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം –ഷെൽട്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനം.

**സെർവ്ഡ് -തദ്ദേശ സ്വയംഭരണ സ്ഥാപനം- അഭയകേന്ദ്രം സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തൊട്ടടുത്ത അഭയകേന്ദ്രം-സേവനം ലഭ്യമാക്കേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ.

ഓരോ കമ്മറ്റിയിലും 50% സ്ത്രീ പങ്കാളിത്തം കമ്മറ്റി ഉറപ്പാക്കും. വനിതാ പ്രാതിനിധ്യം സ്വാശ്രയസംഘം (കുടുംബശ്രീ), മറ്റ് സാമൂഹിക സംഘടനകൾ എന്നിവയിൽ നിന്നാകാവുന്നതാണ്.

അഭയകേന്ദ്ര പരിപാലനത്തിനുള്ള മാർഗനിർദേശങ്ങൾ

1. സംസ്ഥാന പദ്ധതി നിർവഹണ യൂണിറ്റ്- ദേശീയ ചുഴലിക്കാറ്റ് അപകട സാധ്യതാ ലഘൂകരണ പദ്ധതിയിലൂടെ (SPIU-NCRMP) നിർമിച്ച വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്ര കെട്ടിടം കേരള സർക്കാരിന്റ റവന്യൂ- ദുരന്തനിവാരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്.
2. കെട്ടിടത്തിന്റെ നടത്തിപ്പും പരിപാലനവും ബന്ധപ്പെട്ട ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന-നടത്തിപ്പ് കമ്മറ്റികളുടെ ചുമതലയാണ്. കെട്ടിടത്തിന്റെ ശുചിത്വവും ശരിയായ രീതിയിലുള്ള അറ്റകുറ്റപ്പണിയും കമ്മറ്റി യഥാസമയം ഉറപ്പാക്കേണ്ടതാണ്. ഓരോ മഴക്കാലത്തിനു മുമ്പും, അഭയകേന്ദ്രം പരിശോധിക്കുകയും മേൽക്കൂര / ടെറസ്, സൺഷെയ്ഡുകൾ, മഴവെള്ള പൈപ്പുകൾ, ഡ്രെയിനേജ് ലൈനുകൾ എന്നിവയിൽ വെള്ളം കെട്ടിക്കിടക്കാതിരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും വേണം.
3. സംസ്ഥാനത്തെ സൊസൈറ്റി രജിസ്ട്രേഷൻ നിയമമനുസരിച്ച് കമ്മറ്റികൾ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യേണ്ടതാണ്.
4. അടിയന്തിര സാഹചര്യങ്ങളിൽ ദുരന്തബാധിതർക്ക് അഭയം ലഭ്യമാക്കണം. ജാതി, വർഗം, മതം, ഭാഷ, ലിംഗഭേദമന്യേ എല്ലാവർക്കും ഈ അഭയ കേന്ദ്രം ഉപയോഗിക്കാൻ സാധ്യമാകണം. സ്ത്രീകൾ, കുട്ടികൾ, പ്രായമായവർ / മുതിർന്ന പൗരന്മാർ, അംഗവൈകല്യമുള്ളവർ, പാർശ്വവത്ക്കരിക്കപ്പെട്ടവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

5. കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (കെഎസ്ഡിഎംഎ) / ജില്ലാ ദുരന്തനിവാരണ അതോറിറ്റി (ഡിഡിഎംഎ) / ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് (ഐഎംഡി) പോലുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ടിവി / റേഡിയോ മുഖേനയോ മുൻകൂട്ടി മുന്നറിയിപ്പ് ലഭിക്കുമ്പോൾ ദുരിത ബാധിതർക്ക് താത്കാലിക അഭയകേന്ദ്രമായി വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം ഉപയോഗിക്കുവാൻ പര്യാപ്തമാണെന്ന് കമ്മറ്റി ഉറപ്പുവരുത്തേണ്ടതാണ്.
6. മഹാമാരിക്കാലത്ത് വിവിധോദ്ദേശ്യ അഭയ കേന്ദ്രങ്ങൾ (പ്രാഥമിക ചികിത്സാ കേന്ദ്രങ്ങൾ, വീടുമായി ബന്ധപ്പെട്ട കരുതൽ കേന്ദ്രങ്ങൾ, പ്രതിരോധ കുത്തിവെയ്പ്പ് കേന്ദ്രങ്ങൾ) എന്നിവയ്ക്ക് ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഉപയോഗിക്കാൻ നടപടി സ്വീകരിക്കണം.
7. അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ നേതൃത്വത്തിൽ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ, എല്ലാവിധത്തിലുള്ള ആളുകളുടെയും ഇടപെടൽ ഉറപ്പുവരുത്തിയുള്ള അഭയകേന്ദ്രത്തിന്റെ പരിപാലനം എന്നിവ നടപ്പാക്കേണ്ടതാണ്. നിശ്ചിത ഇടവേളകളിൽ മോക് ഡ്രില്ലുകൾ സംഘടിപ്പിക്കേണ്ടതുമാണ്.
8. സർക്കാർ പരിപാടികൾ, സാമൂഹിക, സാംസ്കാരിക, പരിപാടികൾ മുതലായവ നടത്തുന്നതിന് കമ്മറ്റി തീരുമാനിച്ചിട്ടുള്ള ഒരു നിശ്ചിത വാടക ഈടാക്കി, കമ്മറ്റിയുടെ സമ്മതപ്രകാരം ഈ വിവിധോദ്ദേശ്യ അഭയകേന്ദ്രം ഉപയോഗിക്കാവുന്നതാണ്. വാടക നിരക്ക് പ്രാദേശിക സാഹചര്യം അനുസരിച്ച് കമ്മറ്റിക്ക് തീരുമാനിക്കാവുന്നതാണ്. രാഷ്ട്രീയ, മത, സാമുദായിക പരിപാടികൾ ഈ അഭയകേന്ദ്രത്തിൽ വച്ച് നടത്തുന്നത് പൂർണമായും വിലക്കേർപ്പെടുത്തേണ്ടതാണ്.
9. വാടകയിനത്തിൽ ശേഖരിച്ച തുക അതാത് കമ്മറ്റിയുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, അറ്റകുറ്റപ്പണി, പരിപാലനം, ദുരന്ത സമയത്തുള്ള തയാറെടുപ്പ് എന്നിവയ്ക്കായി ഈ തുക വിനിയോഗിക്കേണ്ടതുമാണ്. ഇപ്രകാരം ചെലവഴിക്കുന്ന തുകയ്ക്ക് ശരിയായ കണക്ക് സൂക്ഷിക്കേണ്ടതും ഇത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.
10. നിയമവിരുദ്ധമോ ക്രിമിനൽ അല്ലെങ്കിൽ സാമൂഹ്യ-ഭിന്നിപ്പിന് വിധേയമാകുന്ന പ്രവർത്തനങ്ങളോ അഭയകേന്ദ്രത്തിനകത്തോ അതിന്റെ പരിസരത്തോ അനുവദിക്കാവുന്നതല്ല.
11. അഭയകേന്ദ്രത്തിന്റെ നടത്തിപ്പും ഉപയോഗവും സംബന്ധിച്ച തർക്കം വില്ലേജ് ഓഫീസർ / തഹസിൽദാർ / ഡിഡിഎംഎ സിഇഒ (ഡെപ്യൂട്ടി കളക്ടർ ഡിഎം) എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

സഞ്ചിതനിധിയുടെ പരിപാലനം

വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രങ്ങൾ ദീർഘകാലം നിലനിൽക്കേണ്ടതായതിനാൽ ഗുണനിലവാരത്തിൽ തെല്ലും വിട്ടുവീഴ്ച ഇല്ലാതെയാണ് സംസ്ഥാനത്തുടനീളം നിർമിച്ചിട്ടുള്ളത്. എന്നിരുന്നാലും, പൂർത്തിയാക്കി രണ്ട് വർഷത്തിനുള്ളിൽ ഏതെങ്കിലും തരത്തിലുള്ള തകരാറുകൾ സംഭവിക്കുകയാണെങ്കിൽ കരാറുകാരൻ സ്വന്തം ചെലവിൽ അറ്റകുറ്റപ്പണി ബാധ്യതാ കരാർ അനുസരിച്ച് നടത്തുന്നതാണ്. അഭയകേന്ദ്രത്തിന്റെ നടത്തിപ്പിനും പരിപാലനത്തിനുമായി ഒരു സഞ്ചിത നിധി (കോർപ്പസ് ഫണ്ട്) ഒരോ അഭയകേന്ദ്രത്തിനും 18.82 ലക്ഷം രൂപ നിരക്കിൽ കേരള സർക്കാർ അനുവദിച്ചിട്ടുണ്ട്. പിന്നീടുള്ള

ഘട്ടത്തിൽ ആവശ്യമായ പ്രധാന / പ്രത്യേക അറ്റകുറ്റപ്പണികൾ കമ്മറ്റിക്ക് നിർവഹിക്കുവാൻ സാധ്യമല്ല. പ്രത്യേക അറ്റകുറ്റപ്പണികൾക്കയി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സംസ്ഥാന ബജറ്റിൽ കെട്ടിടത്തിന്റെ മൂലധന ചെലവിന്റെ 3% നിരക്ക് ഉൾപ്പെടുത്തി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് ആവശ്യമായ ഫണ്ട് ബജറ്റ് നിർദേശത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ചെറിയ അറ്റകുറ്റപ്പണികൾ /ആവർത്തനപ്പണികൾ (*നിത്യേനയുള്ള പരിപാലനം*) എന്നിവ കമ്മറ്റിയുടെ ഉത്തരവാദിത്തത്തിൽ നടത്തേണ്ടതാണ്. താഴെ സൂചിപ്പിച്ചിരിക്കുന്ന മാർഗനിർദേശങ്ങൾക്ക് അനുസരിച്ച് സഞ്ചിത നിധി കൈകാര്യം ചെയ്യേണ്ടതാണ്:

1. സഞ്ചിതനിധി (കോർപ്പസ് ഫണ്ട്) ആകർഷകമായ പലിശ ലഭിക്കുന്ന ടേം ഡെപ്പോസിറ്റ് സ്കീമിൽ കമ്മറ്റിയുടെ സംയുക്ത അക്കൗണ്ടിൽ (*സെക്രട്ടറി, ഷെൽട്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനം & ഷെൽട്ടർ വില്ലേജ് ഓഫീസർ*) ഏറ്റവും അടുത്തുള്ള ട്രഷറിയിൽ ലോക്ക്-ഇൻ സംവിധാനം ഉപയോഗിച്ച് നിക്ഷേപിക്കേണ്ടതാണ്.
2. പലിശ ക്രെഡിറ്റ് ചെയ്യുന്നതിലേക്ക് വേണ്ടി, സ്ഥിര നിക്ഷേപത്തിന് (സഞ്ചിതനിധി) സമാന്തരമായി മറ്റൊരു ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കേണ്ടത് ആവശ്യമാണ്. സാമൂഹ്യ ആവശ്യങ്ങൾക്ക് നല്കുമ്പോൾ വാടകയിനത്തിൽ ലഭിക്കുന്ന വരുമാനവും കമ്മറ്റിക്ക് ഈ സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കാൻ കഴിയും.
3. സഞ്ചിതനിധി (കോർപ്പസ് ഫണ്ട്) ഒരു സ്ഥിര നിക്ഷേപമായി ട്രഷറിയിൽ നിലനിൽക്കും. സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ മാത്രമേ ഈ തുക പിൻവലിക്കാൻ സാധിക്കുകയുള്ളൂ.
4. അഭയകേന്ദ്രം കമ്മറ്റിക്ക് കൈമാറിക്കിട്ടിയതിന് ശേഷം മാത്രമേ കോർപ്പസ് ഫണ്ടിലൂടെ സമാഹരിച്ച പലിശത്തുക കരാറുകാരന്റെ ബാധ്യതാ കരാറിൽ ഉൾപ്പെടാത്ത അറ്റകുറ്റപ്പണികൾക്കായി ചെലവഴിക്കാൻ സാധിക്കുകയുള്ളൂ.
5. സാമൂഹിക ആവശ്യങ്ങൾക്ക് അഭയകേന്ദ്രം നൽകുമ്പോൾ വാടക ഇനത്തിൽ ലഭിക്കുന്ന തുക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന് ശേഷം മാത്രമേ പിൻവലിക്കാൻ സാധിക്കുകയുള്ളൂ.
6. ഈ നിക്ഷേപത്തിൽ (സഞ്ചിതനിധി) നിന്ന് ലഭിക്കുന്ന പലിശ കരാറുകാരന്റെ ബാധ്യതാ കരാർ കാലാവധിക്ക് ശേഷം കമ്മറ്റിക്ക് പിൻവലിക്കുകയും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി ചെലവഴിക്കുകയും ചെയ്യാവുന്നതാണ്.

സാധാരണ സമയങ്ങളിൽ അഭയകേന്ദ്രങ്ങളുടെ ഇതര ഉപയോഗം:

പ്രാഥമികമായി സ്കൂൾ പരിസരത്ത് നിർമിച്ച അഭയകേന്ദ്രങ്ങൾ ക്ലാസ്റൂം ആവശ്യങ്ങൾക്കും മറ്റ് സാമൂഹിക പ്രവർത്തനങ്ങൾക്കും സാധാരണ സമയത്ത് ഉപയോഗിക്കാം. അതുപോലെ തന്നെ റവന്യൂ ഭൂമിയിൽ നിർമിച്ച അഭയകേന്ദ്രങ്ങൾ പരിശീലന കേന്ദ്രങ്ങൾ, ഓഡിറ്റോറിയം, സാമൂഹിക ഒത്തുചേരലിനുള്ള കേന്ദ്രങ്ങൾ എന്നിവയായും സാധാരണ സമയത്ത് ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ മറ്റ് ആവശ്യങ്ങൾക്ക് നല്കുമ്പോൾ ലഭിക്കുന്ന വാടക അഭയകേന്ദ്രങ്ങളുടെ മികച്ച

പരിപാലനത്തിനായി ഉപയോഗിക്കാവുന്നതാണ്. ഇത്തരം ഉപയോഗങ്ങൾക്കായി നല്കുമ്പോൾ കെട്ടിടത്തിന്റെ ഘടനയെ ബാധിക്കുന്ന സ്ഥായിയായ മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ഒരു കാരണവശാലും അനുവദിക്കുന്നതല്ല. കൂടാതെ ദുരന്തങ്ങൾ ആകസ്മികമാകയാൽ ഇത്തരത്തിൽ വാടകയ്ക്ക് നല്കുമ്പോൾ ദുരന്തങ്ങളെ പറ്റിയുള്ള മുന്നറിവുകൾ പരിഗണിക്കേണ്ടതാണ്.

അടിയന്തര പ്രതികരണ സംഘങ്ങൾക്കുള്ള (എമർജൻസി റെസ്പോൺസ് ടീമുകൾക്കുള്ള-ഇആർടി) പരിശീലനം

സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 14/2020 / തസ്വഭവ തീയതി 14/10/2020 പ്രകാരം തദ്ദേശ ദുരന്തനിവാരണ പദ്ധതി തയാറാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ആരംഭിക്കുകയും, സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 156/2019 / തസ്വഭവ തീയതി 04/12/2019 പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും അടിയന്തര പ്രതികരണ സംഘം (*എമർജൻസി റെസ്പോൺസ് ടീം*) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അഭയകേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അടിയന്തിര പ്രതികരണ സേന, തൊട്ടടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അടിയന്തിര പ്രതികരണ സേന എന്നിവ പരിപാലന കമ്മറ്റിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതായിരിക്കും. താഴെപറയുന്ന നാല് അടിയന്തിര പ്രതികരണ സംഘങ്ങൾ (ഇ.ആർ.ടി) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിൽ രൂപീകരിച്ചിട്ടുണ്ട്.

1. മുന്നറിയിപ്പ് പ്രചരണ സംഘം
2. തിരയൽ - രക്ഷപ്പെടുത്തൽ -ഒഴിപ്പിക്കൽ സംഘം
3. ഷെൽട്ടർ മാനേജ്മെന്റ് സംഘം
4. പ്രഥമശുശ്രൂഷ / ലൈഫ് സപ്പോർട്ട് സംഘം

എല്ലാതരം ദുരന്ത പ്രതികരണ പരിശീലന പരിപാടികളും പരിപാലന കമ്മറ്റി വഴി അഭയകേന്ദ്രങ്ങളിൽ നടത്തുകയും വിവിധ തലങ്ങളിലുള്ള സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തി പരിശീലനം നൽകുന്നതോടൊപ്പം അഭയകേന്ദ്രത്തിന്റെ സ്വത്തുവകകൾ പരിപാലിക്കേണ്ടതുമാണ്. നിശ്ചിത ഇടവേളകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് മോക്ക് ഡ്രില്ലുകൾ സംഘടിപ്പിക്കേണ്ട ഉത്തരവാദിത്തവും കമ്മറ്റിയുടേതാണ്.

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന-നടത്തിപ്പ് കമ്മറ്റിയുടെ ലക്ഷ്യങ്ങൾ

1. അഭയകേന്ദ്രത്തിന്റെ ദൈനംദിന നടത്തിപ്പും പരിപാലനവും ഉറപ്പുവരുത്തുന്നതിനൊപ്പം കെട്ടിടത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതാണ്. കൂടാതെ കാലാകാലങ്ങളിൽ വിതരണം ചെയ്യുന്ന ഉപകരണങ്ങളുടെ സുരക്ഷിതത്വം കൂടി ഉറപ്പുവരുത്തേണ്ടതാണ്.
2. ദുരന്തസമയത്ത് കുടിയൊഴിപ്പിക്കപ്പെട്ട ആളുകൾക്ക് അഭയകേന്ദ്രങ്ങളായി ഉപയോഗിക്കുന്നതിനുള്ള സാഹചര്യം ഒരുക്കി നൽകാനും, ദുരന്തസമയത്ത് അഭയകേന്ദ്രം

സുഗമമായി ഉപയോഗിക്കാനും, ദുരന്തത്തിന് ശേഷം ആളുകളെ സുഗമമായി പുനരധിവസിപ്പിക്കാനും കഴിയണം.

3. സാധാരണ സമയത്ത് കെട്ടിടത്തിന്റെ നിയമാനുസൃത ഉപയോഗം ഉറപ്പുവരുത്തേണ്ടതും കെട്ടിടത്തിൽ നിന്നും വരുമാനം ഉണ്ടാകുന്ന പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾക്കായി ഫണ്ട് ശേഖരിക്കേണ്ടതും ഫണ്ട് ഉപയോഗിച്ച് നിയമാനുസൃതം അറ്റകുറ്റപ്പണികൾ നടത്തേണ്ടതും ഇത്തരത്തിൽ നടത്തുന്ന പണികളുടെ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.
4. അഭയകേന്ദ്രം സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനവും, അഭയകേന്ദ്രത്തിന്റെ സേവനം ലഭിക്കേണ്ട തൊട്ടടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനവും ഉൾപ്പെടെയുള്ള ദുരിതബാധിത സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതോടൊപ്പം ദുരന്ത തയാറെടുപ്പ് പ്രവർത്തനങ്ങളിലും അഭയകേന്ദ്ര പരിപാലനത്തിലും നടത്തിപ്പിലും എല്ലാവരുടെയും പൂർണ സഹകരണം ഉറപ്പുവരുത്തേണ്ടതാണ്.
5. സമൂഹത്തെ അടിസ്ഥാനമാക്കിയുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ പ്രവർത്തനങ്ങൾ, ശില്പശാലകൾ, സെമിനാറുകൾ, ദുരന്തനിവാരണവുമായി ബന്ധപ്പെട്ട കഴിവുകളെക്കുറിച്ചുള്ള പരിശീലന പരിപാടി, അടിസ്ഥാന ലൈഫ് സപ്പോർട്ട് പരിശീലനം തുടങ്ങിയവ സംഘടിപ്പിക്കുക.
6. സമൂഹത്തിലെ യുവാക്കൾക്കിടയിൽ സന്നദ്ധ പ്രവർത്തനത്തിനുതകുന്ന മനോഭാവം വളർത്തിയെടുക്കുന്നതിനും അവരെ വിവിധ അടിയന്തിര പ്രതികരണ സേനയായി സംഘടിപ്പിക്കുന്നതിനും അവരുടെ ശേഷി ശക്തിപ്പെടുത്തുന്നതിനും ദുരന്തനിവാരണത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും കമ്മറ്റി പ്രയത്നിക്കേണ്ടതാണ്.
7. ദുരന്ത മുന്നറിയിപ്പും സുരക്ഷാ തയാറെടുപ്പുകളും സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനോടൊപ്പം ജനങ്ങളെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് സജ്ജരാക്കി നിർത്തുക.
8. ദുരന്തസമയത്തെ പ്രവർത്തനങ്ങളുടെ മെച്ചപ്പെട്ട ഏകോപനത്തിനും തയാറെടുപ്പിനും നടത്തിപ്പിനുമായി സർക്കാരിന്റെ വിവിധ വകുപ്പുകളിലെ പ്രാദേശിക തല ഉദ്യോഗസ്ഥരുമായും സർക്കാരിതര സംഘടനകളുമായും (എൻ.ജി.ഒ) ബന്ധം സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുക.

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന-നടത്തിപ്പ് കമ്മറ്റി ഇനിപ്പറയുന്ന ഉത്തരവാദിത്തങ്ങൾ നിർവഹിക്കും:

- അഭയകേന്ദ്രത്തിന്റെയും അതിന്റെ പരിസരത്തിന്റെയും ദൈനംദിന അറ്റകുറ്റപ്പണികളും ശുചീകരണവും ക്രമീകരിക്കുക (കമ്മറ്റിക്ക് കരാർ അടിസ്ഥാനത്തിൽ പ്രാദേശിക കുടുംബശ്രീയുടെ സഹായം ഉപയോഗിക്കാം)
- കമ്മറ്റിയുടെ ചുമതലകളും പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിനായി നിശ്ചിത ഇടവേളകളിൽ യോഗങ്ങൾ സംഘടിപ്പിക്കുക.

- ആറുമാസത്തിലൊരിക്കലെങ്കിലും ദുരന്തസമയത്തും സെപ്റ്റിക് ടാങ്കുകൾ വൃത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക
- ദുരന്ത മുന്നറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ജനങ്ങൾ അവരുടെ അതിജീവന കിറ്റുകൾ തയ്യാറാക്കുന്നുവെന്ന് ഉറപ്പാക്കുക.

കമ്മറ്റിയുടെ രജിസ്ട്രേഷൻ:

എല്ലാ കമ്മറ്റികളും ബന്ധപ്പെട്ട സൊസൈറ്റി രജിസ്ട്രേഷൻ നിയമപ്രകാരം രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. രജിസ്ട്രേഷൻ പ്രക്രിയയ്ക്കായി നിയമങ്ങളും ചട്ടങ്ങളും അസോസിയേഷൻ മെമ്മോറാണ്ടവും ഉൾപ്പെടുന്ന ഒരു നിയമാവലി ആവശ്യമാണ്. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ (MoA-പങ്കാളിത്ത പത്രിക)യിൽ പേര്, പ്രവർത്തന മേഖല, രജിസ്റ്റർ ചെയ്ത ഓഫീസിന്റെ വിലാസം, ഭരണ സമിതി അംഗങ്ങളുടെ പേര്, വസ്തുക്കൾ, പ്രൊമോട്ടർമാരുടെ പേരുകൾ എന്നിവ അടങ്ങിയിരിക്കണം. ഒരു അംഗത്തെ പുറത്താക്കൽ, മീറ്റിംഗുകൾ, ഫോറങ്ങൾ എന്നിവയെ സംബന്ധിച്ച് സമൂഹം കർശനമായി പാലിക്കുന്ന നിയമപരമായ ചട്ടങ്ങളെക്കുറിച്ച് വായനക്കാർക്ക് ഒരു ധാരണ ലഭിക്കുന്നതിന് സാമൂഹിക നിയമങ്ങൾ അടങ്ങിയ ഒരു രേഖയും ആവശ്യമാണ്. നിയമങ്ങളും ചട്ടങ്ങളും പരിഗണിച്ച് കൊണ്ടുള്ള അംഗത്വം നേടുന്നതിനുള്ള നടപടിക്രമം, അംഗങ്ങൾക്കുള്ള ചട്ടങ്ങൾ, നിയന്ത്രണങ്ങൾ എന്നിവ തയാറാക്കുകയും മീറ്റിംഗുകൾ സംഘടിപ്പിക്കുകയും അവയുടെ ആവൃത്തി നിർണയിക്കുകയും ചെയ്യുക. ഉപനിയമത്തിൽ പറഞ്ഞിരിക്കുന്ന നടപടിക്രമങ്ങളും വ്യവസ്ഥകളും സമിതിയുടെ പ്രവർത്തനത്തിനുള്ള അടിസ്ഥാന മാർഗനിർദേശങ്ങൾ ആയിരിക്കും.

രേഖകകളുടെ സൂക്ഷിപ്പും റിപ്പോർട്ട് ചെയ്യുന്നതും:

കമ്മറ്റി സെക്രട്ടറി ഇനിപ്പറയുന്ന രേഖകൾ സൂക്ഷിക്കും:

1. **യോഗ തീരുമാനങ്ങൾ/ നടപടി ക്രമങ്ങൾ സംബന്ധിച്ച പുസ്തകം (മിനിട്സ് പുസ്തകം):** എക്സിക്യൂട്ടീവ് കമ്മറ്റി, പൊതുയോഗം എന്നീ യോഗങ്ങളുടെ നടപടിക്രമങ്ങൾ സെക്രട്ടറി ഈ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
2. **സാധന സാമഗ്രികൾ സംബന്ധിച്ച പുസ്തകം (സ്റ്റോക്ക് രജിസ്റ്റർ):** അഭയകേന്ദ്രത്തിലേക്ക് വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും വിശദവിവരങ്ങൾ (അടുക്കള / സ്റ്റോർറൂം / മെഡിക്കൽ മുതലായവ) ഈ പുസ്തകത്തിൽ സൂക്ഷിക്കണം.
3. **വരവ്-ചെലവ് പുസ്തകം (ക്യാഷ് ബുക്ക്) :** എല്ലാ ധനശേഖരങ്ങളും നിക്ഷേപങ്ങളും ചെലവുകളും ഈ പുസ്തകത്തിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. അംഗീകൃത ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനങ്ങൾ വഴി വർഷം തോറും കണക്കുകൾ പരിശോധിക്കേണ്ടതാണ്.
4. **ഉപകരണ- ഉപയോഗം രേഖപ്പെടുത്തുന്ന പുസ്തകം :** എല്ലാ അഭയകേന്ദ്ര ഉപകരണങ്ങളുടെയും ഉപയോഗം / ഇതിന് വേണ്ടി വരുന്ന ഇന്ധന ചെലവ് എന്നിവയുടെ കണക്ക് പുസ്തകത്തിൽ എഴുതി സൂക്ഷിക്കണം.

5. **പരിശീലന രജിസ്റ്റർ:** പരിശീലന തീയതിയും കാലാവധിയും, വിഷയം / പരിശീലന നൈപുണ്യവുമുള്ള എല്ലാ ട്രെയിനികളുടെയും പേര്, വിലാസം, ബന്ധപ്പെടാനുള്ള നമ്പർ എന്നിവ ഈ പുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുക.
6. **ദുരന്ത സമയത്ത്:** ദുരന്ത സമയത്ത് അഭയകേന്ദ്രത്തിലെത്തുന്ന അന്തേവാസികളുടെ ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

റിപ്പോർട്ടുകൾ:

1. ഓരോ മീറ്റിംഗിനുശേഷവും കമ്മറ്റി സെക്രട്ടറി പ്രമേയത്തിന്റെ പകർപ്പ് ഡിഡിഎംഎയ്ക്ക് അയക്കേണ്ടതാണ്.
2. ശേഖരിച്ച ഫണ്ടുകളുടെയും ചെലവുകളുടെയും വാർഷിക റിപ്പോർട്ട് പകർപ്പ് ഡിഡിഎംഎയ്ക്ക് അയക്കേണ്ടതാണ്.
3. കമ്മറ്റിക്ക് ലഭിച്ച സർക്കാർ ഫണ്ടുകളുമായി ബന്ധപ്പെട്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ചെയർപേഴ്സൺ കൃത്യമായി സാക്ഷ്യപ്പെടുത്തി ഡിഡിഎംഎയ്ക്ക് സമർപ്പിക്കണം.
4. പ്രദേശത്ത് എന്തെങ്കിലും അത്യാഹിതങ്ങൾ / ദുരന്തങ്ങൾ ഉണ്ടെങ്കിൽ ഡിഡിഎംഎയുടെ ശ്രദ്ധയിൽപ്പെടുത്തണം.
5. അടിയന്തര അറ്റകുറ്റപ്പണി എത്രയും പെട്ടന്ന് നടത്തി ഡിഡിഎംഎയെ അറിയിക്കേണ്ടതാണ്.

സാമ്പത്തിക മാർഗനിർദേശങ്ങൾ

1. കമ്മറ്റി ബന്ധപ്പെട്ട സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി പദ്ധതി നിർവഹണ യൂണിറ്റ്- ഒരു നിയമാവലി തയ്യാറാക്കിയിട്ടുണ്ട്.
2. അടുത്തുള്ള ട്രഷറിയിൽ കമ്മറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ-സെക്രട്ടറി (എൽഎസ്ജി), കൺവീനർ (വില്ലേജ് ഓഫീസർ) എന്നിവരുടെ പേരിൽ സംയുക്ത ടിഎസ്ബി അക്കൗണ്ട് തുറക്കേണ്ടതുണ്ട്. ടി അക്കൗണ്ട് സഞ്ചിതനിധി ദീർഘകാലത്തേക്ക് നിക്ഷേപിക്കുന്നതിനും, സഞ്ചിതനിധിയിൽ നിന്ന് ലഭിക്കുന്ന പലിശ ക്രെഡിറ്റ് ചെയ്യുന്നതിനും കൂടാതെ കമ്മറ്റിക്ക് ലഭിക്കുന്ന മറ്റ് വരുമാനങ്ങൾ നിക്ഷേപിക്കുന്നതിനുമാണ്.
3. സഞ്ചിതനിധിയിൽ നിന്ന് ലഭിക്കുന്ന പലിശ വരവ് വയ്ക്കുന്നതിനും, കമ്മറ്റിക്ക് ലഭിക്കുന്ന മറ്റ് വരുമാനങ്ങൾ നിക്ഷേപിക്കുന്നതിനും ധന സമാഹരണ സ്രോതസിന്റെ മാർഗനിർദേശം അനുസരിച്ച് അദ്ധ്യക്ഷന്റെ അംഗീകാരത്തോടെ ചെലവഴിക്കുന്നത്തിന് പ്രമേയത്തിൽ തീരുമാനിച്ച് നിർദേശം നല്കുക. കമ്മറ്റി സെക്രട്ടറിക്ക് ദൈനംദിന അറ്റകുറ്റപ്പണി / ശുചീകരണം മുതലായവയ്ക്കായി 5000 രൂപ വരെ കയ്യിൽ സൂക്ഷിക്കാവുന്നതാണ്.
4. 5000/- രൂപയിൽ താഴെ വരുന്ന ചെറുകിട അറ്റകുറ്റപ്പണികൾക്കായി, സമിതിയുടെ മുൻകൂർ അനുമതിയോടെയല്ലാതെ കമ്മറ്റി സെക്രട്ടറിക്ക് അറ്റകുറ്റപ്പണി നിർദേശിക്കാവുന്നതും ഡിഡിഎംഎയെ മുൻകൂറായി അറിയിച്ചു കൊണ്ട് കമ്മറ്റി ചെയർപേഴ്സന്റെ അംഗീകാരത്തോടെ അറ്റകുറ്റപണി ഏറ്റെടുക്കാവുന്നതുമാണ്.

5. അറ്റകുറ്റപ്പണികൾ വകുപ്പുതലത്തിലോ അല്ലെങ്കിൽ കമ്മറ്റി അംഗങ്ങളുടെയും പ്രാദേശിക പൊതുജനങ്ങളുടെയും സജീവ സഹകരണത്തോടെ കരാറുകാരുമായി ചേർന്നോ ഏറ്റെടുക്കാം. അറ്റകുറ്റപ്പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കമ്മറ്റി അംഗങ്ങൾ മേൽനോട്ടം വഹിക്കേണ്ടതുണ്ട്.
6. എല്ലാ ചെലവ് തുകകളും ₹ 1000/- രൂപയ്ക്ക് (മുകളിലുള്ളത്) കമ്മറ്റി സെക്രട്ടറിയും കൺവീനറും ഒപ്പിട്ട ചെക്കുകൾ മുഖാന്തിരം നൽകേണ്ടതാണ്.

സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ വർഷത്തിലൊരിക്കൽ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടത്തിന്റെ വാടക നിരക്കുകൾ ചട്ടപ്രകാരം കമ്മറ്റിക്ക് പുനർനിശ്ചയിക്കാവുന്നതാണ്.

അഭയകേന്ദ്ര ഉപകരണങ്ങൾ

ഓരോ അഭയകേന്ദ്രത്തിനും ആവശ്യമായ അഭയകേന്ദ്ര ഉപകരണങ്ങൾ നിർണയിക്കപ്പെട്ടിട്ടുള്ളതാണ്. ഇവ വാങ്ങുന്നത് സംബന്ധിച്ച വിശദവിവരങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഈ ഉപകരണങ്ങൾ ദുരന്തസമയത്ത് അഭയകേന്ദ്ര തലത്തിൽ ഉപയോഗിക്കാനുള്ളതാണ്. ഉപകരണങ്ങളിൽ ജനറേറ്റർ സെറ്റുകൾ, ടവർ ലൈറ്റുകൾ, തിരയൽ-രക്ഷാപ്രവർത്തന ഉപകരണങ്ങൾ, പ്രഥമശുശ്രൂഷ കിറ്റ്, അടുക്കള പാത്രങ്ങൾ (ആവശ്യാനുസരണം) തുടങ്ങിയവ ഉൾപ്പെടുന്നു.

- ✧ സംസ്ഥാന പദ്ധതി നിർവഹണ യൂണിറ്റ് നൽകുന്ന തിരയൽ- രക്ഷാപ്രവർത്തന ഉപകരണങ്ങൾ, പ്രഥമശുശ്രൂഷ സാമഗ്രികൾ, അടുക്കള പാത്രങ്ങൾ, അല്ലെങ്കിൽ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി അഭയകേന്ദ്രത്തിന് നൽകുന്ന ഉപകരണങ്ങൾ എന്നിവ സ്വീകരിക്കുന്നതിനും പരിപാലിക്കുന്നതിനും കമ്മറ്റിയ്ക്ക് ബാധ്യതയുണ്ട്.
- ✧ ദുരന്ത സാഹചര്യങ്ങളിൽ ഉപകരണങ്ങൾ അടിയന്തിര ഉപയോഗത്തിനായി ഉപയോഗിക്കാവുന്നതാണ്.
- ✧ ലഭിച്ച ഉപകരണങ്ങൾ കമ്മറ്റി സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തേണ്ടതും അതിന്റെ പകർപ്പുകൾ ബന്ധപ്പെട്ട തഹസിൽദാർ, കളക്ടർ എന്നിവർക്ക് നൽകേണ്ടതുമാണ്.
- ✧ മോക്ക് ഡ്രില്ലിന് അടിയന്തിര സാഹചര്യങ്ങളിലും അഭയകേന്ദ്ര ഉപകരണങ്ങൾ ഉപയോഗിക്കാവുന്നതാണ്.

കമ്മറ്റി സെക്രട്ടറി ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയും രജിസ്റ്ററിൽ ഉപകരണങ്ങളുടെ ഓരോ സമയത്തെയും ഉപയോഗം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അറ്റകുറ്റപ്പണികൾക്കോ മോക്ക് ഡ്രില്ലിലോ ദുരന്തസമായങ്ങളിലോ ഉപകരണങ്ങൾ ഉപയോഗിച്ചതിന്റെ രേഖ നൽകിയിരിക്കുന്ന ഫോർമാറ്റിൽ ലോഗ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

ക്രമ. നം	ഇനം	യൂണിറ്റ്
1	Lifebuoy MMD/SOLAS Approved	5 No.
2	Life Jacket MMD/SOLAS Approved	10 No.
3	Florescent Jacket	50 No.
4	Nylon Rope 12 mm dia-50mtr length	25 Kg
5	Foldable Stretcher	2 No.
6	Manila rope 200 ft. 6mm dia	25 Kg
7	FRP Trunk	2 No.
8	Telescopic Aluminum Ladder	2 No.
9	First Aid Box with two manuals	2 No.
10	Mass kitchen utensils (Set)	1 Set
11	Notice Board with chicken net covering and locking	1 No.
12	Dari/Rug	5 No.
13	Plastic Table	5 N0.
14	Plastic Chair	5 N0.
15	Solar Lantern (TATA BP)	2 No.
16	Siren (Hand Crank)	1 No.
17	Hand Held Mega Phone	1 No.
18	Flexible water tank 250 ltr capacity	2 No. for animal feed
19	Flexible water tank	1 No.
20	Safety Shoes / Gum Boot	10 No.
21	Rubber safety Gloves	20 pairs
22	Search Light	2 No.
23	Wheel Chair	1 No.
24	Free Power Radio	1 No.
25	Water purifier 27 ltrs. (Bajaj)	1 No.
26	Safety Helmet	20 No.
27	Rain Suit	10 No.
28	Tarpaulin Sheets	20 No.
29	Steel Almirah (8ftX3.5ftX1.5ft 20SWG	5 No.
30	Steel Rack	5 No.
31	Handheld Tools Set (2 spade, 2 pick axe, 2 crow bar, 2 large axe, 2 hand saw and 2 shovel	5 No
32	Fire Extinguisher 4.5 kg Co2	5 No
34	Dust Bin (120 ltr)	4 No.
35	Dust Bin (100 ltr)	2 No.

കാര്യ ശേഷി വർദ്ധിപ്പിക്കലും, പരിശീലന സ്ഥാപനങ്ങളും

സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുമായും അനുബന്ധ സംസ്ഥാന-ജില്ലാ അടിയന്തിര പ്രവർത്തന കേന്ദ്രങ്ങളുമായും സഹകരിച്ച്, സംസ്ഥാന പദ്ധതി നിർവഹണ യൂണിറ്റ്, സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യ ശേഷി വർദ്ധിപ്പിക്കൽ, ഷെൽട്ടർ ലെവൽ പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതാണ്.

സംസ്ഥാന പദ്ധതി നിർവഹണ യൂണിറ്റ് (SPIU): പ്രോജക്ട് നിർവഹണം ത്വരിതപ്പെടുത്തുന്നതിന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു പ്രോജക്ട് സ്റ്റിയറിംഗ് കമ്മറ്റിയുടെ കീഴിലുള്ള എൻസിആർഎംപിയുടെ എസ്പിഐയു രൂപീകരിച്ചിട്ടുണ്ട്. പ്രോജക്ട് ഡയറക്ടർ (അഡീഷണൽ ചീഫ് സെക്രട്ടറി, ഡിസാസ്റ്റർ മാനേജ്മെന്റ്), സ്റ്റേറ്റ് പ്രോജക്ട് മാനേജർ (ഒരു ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർ). 2005 ലെ ദുരന്തനിവാരണ നിയമത്തിലെ സെക്ഷൻ 21 (2005 ലെ സെൻട്രൽ ആക്റ്റ് 53) പ്രകാരം എസ്ഇസിയുടെ ഉപസമിതിയായി പ്രോജക്ട് സ്റ്റിയറിംഗ് കമ്മറ്റി വിഭാവനം ചെയ്യപ്പെടുന്നു.

എസ്പിഐയുവിൽ സ്റ്റേറ്റ് കമ്മ്യൂണിറ്റി മൊബിലൈസറുടെ ഉത്തരവാദിത്തമാണ് പദ്ധതി നടത്തിപ്പിൽ സമൂഹത്തിന്റെ പിന്തുണ ഉറപ്പു വരുത്തുക എന്നത്. അദ്ദേഹത്തിന് സംസ്ഥാന തലത്തിൽ പരിസ്ഥിതി സാമൂഹിക സ്പെഷ്യലിസ്റ്റ് സഹായം നൽകുന്നതായിരിക്കും. എസ്പിഐയുവിന് കീഴിൽ ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ ജില്ലാ പദ്ധതി നിർവഹണ യൂണിറ്റുകൾ ഉണ്ട്. ഡിപിഐയുവിലേക്ക് കമ്മ്യൂണിറ്റി മൊബിലൈസേഷൻ നടത്തുന്നതിന് ആവശ്യമായ സ്റ്റാഫിനെ നിയോഗിച്ചിട്ടുണ്ട്.

ജില്ലാ പദ്ധതി നിർവഹണ യൂണിറ്റ് (ഡിപിഐയു): ജില്ലാതലത്തിൽ എൻസിആർഎംപിയുടെ ഡിപിഐയു ഡിഡിഎംഎയാണ്. അതാത് ജില്ലകൾക്കായി ഒരു പ്രാദേശിക കമ്മ്യൂണിറ്റി മൊബിലൈസറുടെ സഹായം ഉണ്ടായിരിക്കുന്നതും കൂടാതെ എല്ലാ ഡിഡിഎംഎയിലും ഒരു ഡിഇഒസി (ജില്ലാ അടിയന്തിര പ്രവർത്തന കേന്ദ്രം) സജ്ജീകരിച്ചിരിക്കുന്നതുമാണ്. ഡിപിഐയുടെയും ഡിഡിഎംഎയുടെയും ചെയർമാൻ ജില്ലാ കളക്ടർ ആയിരിക്കും.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ).: കെഎസ്ഡിഎംഎയുടെ സാങ്കേതിക, ഗവേഷണ വിഭാഗം സംസ്ഥാന അടിയന്തിര പ്രവർത്തന കേന്ദ്രമാണ്. കൂടാതെ സംസ്ഥാനത്ത് പതിവായി പരിശീലനവും ശേഷി വർദ്ധിപ്പിക്കൽ പരിപാടികളും നടത്തുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനവും ലഭിക്കുന്നു. കെഎസ്ഡിഎംഎയിലെ ഓരോ സ്റ്റാഫുകളേയും നൈപുണ്യാടിസ്ഥാനത്തിലാണ് തരംതിരിച്ചിരിക്കുന്നത്. 'സാധാരണ സമയ പ്രവർത്തനങ്ങൾ', 'അടിയന്തര സമയ പ്രവർത്തനങ്ങൾ' എന്നിവയുണ്ട്. അതത് മേഖലകളിലെ പരിശീലനവും ശേഷി വർദ്ധിപ്പിക്കലും അന്തർലീനമായി അവരുടെ ഉത്തരവാദിത്തമാണ്. പരിശീലന പരിപാടികളുടെ നടത്തിപ്പിൽ ഈ മൾട്ടി-ഡിസിപ്ലിനറി ടീം എൻസിആർഎംപിയിലെ സ്റ്റാഫുകളുമായി സഹകരിക്കും. കെഎസ്ഡിഎംഎ സ്വന്തമായി ഒരു പരിശീലന കേന്ദ്രം കമ്മീഷൻ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ ഒരു നിശ്ചിത ദിവസത്തിൽ 30 പേരുടെ രണ്ട് മൾട്ടി സെക്ടറൽ പരിശീലനം നടത്താം.

ജില്ലാ ദുരന്ത നിവാരണ അതോറിറ്റി (ഡി.ഡി.എം.എ.) : ഓരോ ഡിഡിഎംഎയ്ക്കും ഒരു ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററുണ്ട്. പരിശീലന പരിപാടികൾ നടത്തുന്നതിനും പ്രത്യേക വിഷയ വൈദഗ്ധ്യം നേടുന്നതിനും പരിശീലനം ലഭിച്ച അപകട വിശകലന വിദഗ്ധനുണ്ടാകും. ഈ വിദഗ്ധന് അവരുടെ നൈപുണ്യങ്ങളെ അടിസ്ഥാനമാക്കി 'സാധാരണ സമയ പ്രവർത്തനങ്ങൾ, 'അടിയന്തര സമയ പ്രവർത്തനങ്ങൾ' എന്നിവയും നൽകിയിട്ടുണ്ട്. കൂടാതെ, എല്ലാ ഡി.ഇ.ഒ.സികളിലും ഒരു റവന്യൂ ഉദ്യോഗസ്ഥൻ, പോലീസ് ഉദ്യോഗസ്ഥൻ, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ഉദ്യോഗസ്ഥർ എന്നിവരെ നിയോഗിച്ചിരിക്കുന്നു. ഡിഡിഎംഎയുടെയും ഡിഇഒസിയുടെയും ഈ പ്രധാന ശേഷികൾ, നിർദ്ദിഷ്ട പരിശീലന പരിപാടികളുടെ നടത്തിപ്പിന് ഉത്തരവാദികളായ പ്രാദേശിക കമ്മ്യൂണിറ്റി മൊബിലൈസറുമായി ബന്ധപ്പെടുത്തി ടി പ്രവർത്തനങ്ങളിൽ ഡിഡിഎംഎയുടെ പങ്കാളിത്തവും ഉടമസ്ഥാവകാശവും ഉറപ്പാക്കുകയും ചെയ്യും. എല്ലാ കളക്ടറേറ്റുകളിലും വിവിധ ജില്ലാതല പരിശീലനങ്ങൾ നടത്താൻ ആവശ്യമായ പരിശീലന സൗകര്യങ്ങളുണ്ട്. കേരളത്തിലെ പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ നിർണായകവും വേരുറപ്പിച്ചതുമാണ്. പരിശീലന പരിപാടികൾ നടത്തുന്നതിന് ഈ സ്ഥാപനങ്ങളിലെല്ലാം സജ്ജീകരണങ്ങളുണ്ട്. ബന്ധപ്പെട്ട പഞ്ചായത്തിരാജ് സ്ഥാപനങ്ങളുമായി സഹകരിച്ച് ഡി.ഇ.ഒ.സികളും പ്രാദേശിക കമ്മ്യൂണിറ്റി മൊബിലൈസറുകളും ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതായിരിക്കും.

എസ്ഡിഎംഎ, ഡിഡിഎംഎ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ, എൻസിആർഎംപിയിലെ ഉദ്യോഗസ്ഥരുമായി സഹകരിച്ച് പരിപാടിയുടെ മൊത്തത്തിലുള്ള പദ്ധതി നിർവഹണം ഏകോപിപ്പിക്കുകയും, എസ്ഡിഎംഎ, ഡിഡിഎംഎ എന്നിവയുടെ സാങ്കേതിക ഉദ്യോഗസ്ഥർ സംസ്ഥാന-ജില്ലാ-വകുപ്പുതല ദുരന്തനിവാരണ പദ്ധതികളും അടിയന്തിര പിന്തുണ പ്രവർത്തന പദ്ധതിയും പരിചയപ്പെടുത്തുന്നതിനും തയ്യാറാക്കുന്നതിനും പരിശീലനം നൽകുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യും. മറ്റ് പരിശീലനങ്ങൾ നൽകുന്നതിന് വിദഗ്ധരായ സർക്കാരിതര സംഘടനകളുമായും എസ്ഡിഎംഎയും എൻഡിഎംഎയും എംപാനൽ ചെയ്ത സാങ്കേതിക വിദഗ്ധരുമായും സഹകരിച്ച് മറ്റ് സ്ഥാപനങ്ങളെയും സഹായിക്കുന്നതായിരിക്കും.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില): കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ. ഇത് തൃശ്ശൂർ ജില്ലയിലാണ്. കേരളത്തിലെ സെൻട്രൽ യൂണിവേഴ്സിറ്റി, 2014 ജൂലൈ 14 മുതൽ പ്രാബല്യത്തിൽ വന്ന ഇന്റർനാഷണൽ റിലേഷൻസ് വകുപ്പുമായി ബന്ധപ്പെട്ട ഒരു ഗവേഷണ കേന്ദ്രമായി ഇതിനെ അംഗീകരിച്ചിട്ടുണ്ട്. ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള പ്രാദേശിക സ്വയംഭരണ ശാക്തീകരണത്തിന്റെ മൊത്തത്തിലുള്ള ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട നിരവധി മേഖലകളിൽ കിലയ്ക്ക് പ്രധാന വൈദഗ്ധ്യമുണ്ട്. ഷെൽട്ടർ ലെവൽ പരിശീലനങ്ങൾ നടത്തുന്നതിനുള്ള നോഡൽ സ്ഥാപനമായിരിക്കും കില. മറ്റ് നടപ്പാക്കൽ പങ്കാളികളുടെ വൈദഗ്ധ്യം കണക്കിലെടുത്ത് അത്തരം പരിശീലനങ്ങൾ സുഗമമാക്കും. തദ്ദേശ സ്വയംഭരണ ദുരന്ത നിവാരണ സമിതിയുടെ (എൽഎസ്ജി ഡിഎംസി) ചുമതലകളും ഉത്തരവാദിത്തങ്ങളുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ, ദുരന്ത നിവാരണ

പദ്ധതികൾ തയ്യാറാക്കുന്നതിനുമുള്ള പ്രാദേശിക പരിശീലനങ്ങൾ എന്നിവ ഈ സ്ഥാപനത്തിലൂടെ നൽകും.

കേരള ഫയർ ആൻഡ് റെസ്ക്യൂ അക്കാദമി & സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് (കെഎഫ്ആർഎ & സിഡിഐ) : ഫയർ ആൻഡ് റെസ്ക്യൂ അക്കാദമി സെർച്ച് ആൻഡ് റെസ്ക്യൂ, ക്രൗഡഡ് മാനേജ്മെൻറിൽ കാര്യമായ പരിശീലനവും ശേഷി വർദ്ധിപ്പിക്കാനുള്ള വൈദഗ്ധ്യവുമുണ്ട്. കേരള ഫയർ ആന്റ് റെസ്ക്യൂ സർവീസസിന്റെ പ്രാഥമിക പരിശീലന കേന്ദ്രമായ ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ജനറൽ സംസ്ഥാനത്തെ സിവിൽ ഡിഫൻസ് ഡയറക്ടർ ജനറൽ കൂടിയാണ്. ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് അക്കാദമിയോട് ചേർന്നുള്ള സിവിൽ ഡിഫൻസ് അക്കാദമി ഡയറക്ടർ ജനറൽ ഫയർ ആൻഡ് റെസ്ക്യൂ സർവീസിന്റെ കീഴിലാണ്. ഈ പരിശീലന മൊഡ്യൂളുകൾ കേന്ദ്രീകൃതമായ രീതിയിൽ നൽകുന്നതിന് പതിവ് പരിശീലന ഫാക്കൽറ്റി കെഎഫ്ആർഎയിൽ ലഭ്യമാണ്. സിവിൽ ഡിഫൻസ് അക്കാദമി ഇപ്പോൾ ദേശീയ ദുരന്ത നിവാരണ സേനയുടെ ഒരു ടീമിനെ ക്യാമ്പ് ചെയ്യുന്നുണ്ട്. അവരുടെ സേവനങ്ങൾ സംസ്ഥാനത്ത് ദുരന്ത പ്രതികരണ പരിശീലനം നൽകുന്നതിന് വ്യാപകമായി ഉപയോഗിക്കുന്നു.

കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ (കെ.എസ്സ് .ഐ .എച്ച് .എഫ്.ഡബ്ല്യു): സംസ്ഥാനത്തെ ആരോഗ്യ-സേവന വകുപ്പിന് പരിശീലനം നൽകുന്ന പ്രധാന സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ. സംസ്ഥാനത്തെ ആരോഗ്യ സേവന പ്രൊഫഷണലുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഈ സ്ഥാപനം വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും അനുബന്ധ മെഡിക്കൽ സേവന മേഖലയിലെ പ്രൊഫഷണലുകളുടെയും സേവനങ്ങൾ ജില്ല, എൽഎസ്ജി, ഷെൽട്ടർ തലങ്ങളിൽ പരിശീലനം നൽകുന്നതിന് ഉപയോഗിക്കാവുന്നതാണ്. കെഎസ്ഡിഎംഎയും കെഎസ്ഐഎച്ച്എഫ്ഡബ്ല്യുവും തമ്മിലുള്ള നിലവിലുള്ള സഹകരണത്തിലൂടെ ലഭ്യമാക്കുന്ന പരിശീലനങ്ങൾ ആവശ്യമായ തലങ്ങളിൽ നടത്തുന്നതിന് ഈ സ്ഥാപനത്തിന്റെ പിന്തുണ ഉപയോഗിക്കുകയും വിപുലീകരിക്കുകയും ചെയ്യാവുന്നതാണ്.

റിസേർച്ച് & ഡെവലപ്മെൻറ് (ആർ & ഡി) സ്ഥാപനങ്ങൾ: സംസ്ഥാനത്തെ ഗവേഷണ വികസന സ്ഥാപനങ്ങളുടെ പിന്തുണയോടെ പരിസ്ഥിതി സംരക്ഷണവും ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള പ്രശ്നങ്ങളും പരിഹരിക്കുന്നതിന് കേരളത്തിന് ഒരു നീണ്ട പാരമ്പര്യമുണ്ട്.സംസ്ഥാനത്തെ ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള നടപടികളുടെ അവിഭാജ്യ ഘടകമാണ് അവ. ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (INCOIS), നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS), നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) തുടങ്ങിയ സ്ഥാപനങ്ങൾക്ക് തീരദേശ ശാസ്ത്രത്തിന്റെയും തീരദേശ എഞ്ചിനീയറിംഗിന്റെയും വിവിധ വശങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ വളരെയധികം കഴിവുണ്ട്. എൻസിഇഎസിന് കേരളത്തിലുടനീളമുള്ള തീരദേശ സമൂഹങ്ങളുമായി ബന്ധമുണ്ട്. കൂടാതെ തീരദേശ അപകടസാധ്യതയുള്ള പ്രദേശ മാപ്പുകളും

ഉയർന്ന റെസല്യൂഷൻ ഫീൽഡ് ഡാറ്റയും ഫീൽഡ് സന്ദർശനങ്ങൾ അടിസ്ഥാനമാക്കി തയാറാക്കിയ ദുർബലമായ മേഖലകളുടെ മാപ്പുകളും സംസ്ഥാന-ജില്ലാ ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കാൻ കെഎസ്ഡിഎംഎ ഉപയോഗിക്കുന്നു. ഉയർന്ന തിരമാലകൾ, നീരുറവകൾ, സുനാമി എന്നിവയുമായി ബന്ധപ്പെട്ട് പ്രത്യേക മുന്നറിയിപ്പുകൾ തീരദേശ സമൂഹങ്ങൾക്ക് നൽകുന്നതിൽ INCOIS നും KSDMA യ്ക്കും ശക്തമായ ബന്ധമുണ്ട്. തീരദേശ സംരക്ഷണത്തിനായി കയർ അടിസ്ഥാനമാക്കിയുള്ള ബയോ എഞ്ചിനീയറിംഗ് പരിഹാരങ്ങൾ വികസിപ്പിക്കുന്നതിൽ എൻസിആർഎംഐക്ക് പ്രധാന ശേഷിയുണ്ട്. ഇക്കോ-ഡിആർആർ ആശയങ്ങളിൽ പരിശീലനം നടത്തുന്നതിന് ഒരു പരിശീലനക്കളം സൃഷ്ടിക്കുന്നതിന് ഈ സ്ഥാപനങ്ങളുടെ കഴിവുകൾ സമന്വയിപ്പിക്കും.

സർക്കാരിതര സ്ഥാപനങ്ങളും ഡൊമെയ്ൻ വിദഗ്ധരും: തീരദേശ പരിസ്ഥിതി വ്യവസ്ഥ കൈകാര്യം ചെയ്യുന്നതിൽ നിർണായക മേഖലകളിലെ വൈദഗ്ധ്യവും തീരദേശ സമുദായങ്ങൾക്കിടയിൽ അടിസ്ഥാനതല സോഷ്യൽ ഫൂട്ട് പ്രിന്റുമുള്ള എൻജിഒകളുടെ ഒരു കൂട്ടം കേരളത്തിലുണ്ട്. അത്തരം നിരവധി എൻജിഒകൾ കെഎസ്ഡിഎംഎ, എൻഡിഎംഎ എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവർത്തന മേഖലയെ ആശ്രയിച്ച് അത്തരം എൻജിഒകളെ താഴെത്തലങ്ങളിൽ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും ശേഷി വർധിപ്പിക്കുന്നതിനും ഉപയോഗിക്കും. തീരദേശ ഇക്കോസിസ്റ്റം മാനേജ്മെന്റിന്റെ ഈ മേഖലയിലെ അക്കാദമിക് വൈദഗ്ധ്യം തെളിയിക്കപ്പെട്ടതും ദേശീയ അംഗീകാരമുള്ള വിദഗ്ധരുടെ ലഭ്യത സംസ്ഥാനത്തെ ശേഷി വർദ്ധിപ്പിക്കൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഏറ്റവും അനുയോജ്യവുമാണ്. അത്തരം വിദഗ്ധരുടെ ലിസ്റ്റുകൾ കെഎസ്ഡിഎംഎയിൽ ലഭ്യമാണ്. അവരുടെ സേവനങ്ങൾ ദിവസേനയുള്ള പ്രതിഫല അടിസ്ഥാനത്തിൽ ഉപയോഗിക്കും.

സർക്കാർ ഉദ്യോഗസ്ഥർക്ക് വിവിധ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ

വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലനവും നടത്തിപ്പിനുമുള്ള മാർഗനിർദേശങ്ങൾ


R.S.J2
R.S.J1
DD
D1
D2
D3
SD


ഒന്നാം നില
മുകളിലേക്ക്
ഇടനാഴി
ഹാൾ (സ്ത്രീകൾ)
D0
D3
W
ഓഫീസ് (സ്ത്രീ)
ഓഫീസ് (പുരുഷ)
ഓഫീസ്
സ്റ്റോർ
താഴത്തിലേക്ക്


രണ്ടാം നില
ഹാൾ
(പുരുഷന്മാർ)
വരാന്ത
മുകളിലേക്ക്
മുകളിലേക്ക്
സ്റ്റോർ
റൂം
ശൗചാലയം
ചികിത്സാ
മുറി
ശൗചാലയം
(പുരുഷൻ)
DD
D3
W

ചൂഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി

ചൂഴലിക്കാറ്റ് അഭയകേന്ദ്ര നടത്തിപ്പ്- പരിപാലന കമ്മറ്റിയെ സംബന്ധിച്ച പങ്കാളിത്ത പത്രികയും (മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ), നിയമാവലിയും

പങ്കാളിത്ത പത്രികയും-നിയമാവലിയും

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ അസോസിയേഷൻ മെമ്മോറാണ്ടം

പേര് : സൊസൈറ്റിയിയുടെ പേര് "ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി ....."

കാര്യാലയം : സൊസൈറ്റി കാര്യാലയം ..... ഗ്രാമപഞ്ചായത്ത് /നഗരസഭ / കോർപ്പറേഷൻ വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം .. (പിഒ) .. (ജില്ല) .... .. (പിൻ കോഡ്)

മേൽവിലാസം : വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം .. (പിഒ) .. (ജില്ല) .... .. (പിൻ കോഡ്)

പ്രവർത്തന പരിധി : ഷെൽട്ടർ (*അഭയകേന്ദ്രം സ്ഥിതി ചെയ്യുന്ന*) തദ്ദേശ സ്വയംഭരണ സ്ഥാപനം (.....), സെർവ്ഡ് (*സേവന പരിധിയിലുള്ള*) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (..) ഉൾപ്പെടുന്ന പ്രദേശം. മേൽ സൂചിപ്പിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മുഴുവൻ ജനങ്ങളും പൊതുസഭയിലെ അംഗങ്ങളായിരിക്കും.

ഉദ്ദേശ്യ ലക്ഷ്യങ്ങൾ : സൊസൈറ്റിയുടെ സ്ഥാപന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. ദേശീയ ചുഴലിക്കാറ്റ് അപകട സാധ്യതാ ലഘൂകരണ പദ്ധതിയിൽ സംസ്ഥാന പദ്ധതി നിർവഹണ യൂണിറ്റും, റവന്യൂ-ദുരന്ത നിവാരണ വകുപ്പും സംയുക്തമായി നിർമിച്ച വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം സാമൂഹിക ആസ്തി എന്ന നിലയിൽ പരിപാലിക്കുക.
2. കെട്ടിടത്തിന്റെയും കാലാകാലങ്ങളിൽ വിതരണം ചെയ്യുന്ന അഭയകേന്ദ്ര ഉപകരണങ്ങളുടെയും ഭദ്രമായ സൂക്ഷിപ്പും പരിപാലനവും ഉറപ്പുവരുത്തുക.
3. ദുരന്ത സമയത്ത് കുടിയൊഴിപ്പിക്കപ്പെട്ട വ്യക്തികൾക്ക് അഭയകേന്ദ്രമായി ഉപയോഗിക്കുവാൻ കെട്ടിടം സജ്ജമാക്കിവയ്ക്കുക. ദുരന്തത്തിന് ശേഷം റവന്യൂ വകുപ്പിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ മാർഗ നിർദേശങ്ങൾ പാലിച്ചുകൊണ്ട് അഭയകേന്ദ്രങ്ങളിൽ നിന്നും വ്യക്തികളെ ഒഴിപ്പിക്കുക.
4. സാധാരണ സമയങ്ങളിൽ അഭയകേന്ദ്രത്തിന്റെ നിയമാനുസൃത ഉപയോഗം ഉറപ്പുവരുത്തുക. കെട്ടിടം നിയമാനുസൃത പ്രവർത്തനങ്ങൾക്ക് വാടകയ്ക്ക് നല്കി വരുമാനം വർദ്ധിപ്പിക്കുകയും ഇതുവഴി ശേഖരിച്ച തുകയാൽ കെട്ടിടത്തിന്റെ ചെറിയ അറ്റകുറ്റ പണികൾ (***ബാധ്യതാ കാലാവധിയിൽ ഉൾപ്പെടാത്തവ***) നടത്തുക. ഇതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചു വയ്ക്കുക.
5. ദുരന്തത്തിന് മുന്നോടിയായുള്ള തയാറെടുപ്പുകൾ, അഭകേന്ദ്ര പരിപാലനം എന്നീ പ്രവർത്തനങ്ങളിൽ അഭയകേന്ദ്രം, സേവന പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പാർശ്വവൽകരിക്കപ്പെട്ട ജനങ്ങളുടെയും സ്ത്രീകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക.
6. ദുരന്ത സാധ്യതാ ലഘൂകണ കാര്യശേഷി വർദ്ധിപ്പിക്കാൻ സമൂഹത്തിൽ ശിൽപശാലകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ എന്നിവ

സംഘടിപ്പിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നല്കുക.

7. സമൂഹത്തിൽ യുവാക്കൾക്കിടയിൽ സന്നദ്ധ പ്രവർത്തനത്തിന് ഉതകുന്നരീതിയിൽ മനോഭാവം വളർത്തിയെടുക്കുന്നത്തിനും അവരെ വിവിധ അടിയന്തര പ്രതികരണ ടീമുകളായി സംഘടിപ്പിക്കുന്നതോടൊപ്പം അവരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ദുരന്ത നിവാരണത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നല്കുക.
8. സമൂഹത്തിൽ ദുരന്ത മുന്നറിയിപ്പ് നല്കൽ, ദുരന്തത്തിന് മുന്നോടിയായുള്ള തയാറെടുപ്പുകൾ എന്നിവ സംബന്ധിച്ച സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നല്കുക.
9. ദുരന്ത സമയത്തെ പ്രവർത്തനങ്ങളിൽ മെച്ചപ്പെട്ട തയാറെടുപ്പിന് സർക്കാർ വകുപ്പുകൾ, സർക്കാരേതര സംഘടനകൾ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദുരന്ത നിവാരണ സ്റ്റിയറിംഗ് കമ്മറ്റികൾ എന്നിവയുമായി മെച്ചപ്പെട്ട ബന്ധം നിലനിർത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നല്കുക.

പ്രഖ്യാപനം

താഴെ പേരെഴുതി ഒപ്പിടുന്നവരായ ഞങ്ങൾ ഈ പങ്കാളിത്ത പത്രികയിൽ (*മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ*) പ്രതിപാദിച്ചിരിക്കുന്ന ആവശ്യങ്ങൾക്കായി രൂപീകരിച്ച ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി .. .. തീയതിയിൽ കൂടിയ യോഗ തീരുമാന പ്രകാരം , _____ രജിസ്ട്രേഷൻ നിയമ പ്രകാരം ഈ സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിന് തീരുമാനിച്ചു.

ക്രമ. നമ്പർ	പേരും /മേൽവിലാസവും	ഉദ്യോഗം	സി എസ് എം എം സി യുടെ ഔദ്യോഗിക സ്ഥാനം	ഒപ്പ്
1				
2				
3				
4				
5				
6				
7				
8				
9				
10				
11				
12				
13				
14				
15				
16				

സാക്ഷികൾ : 1. 2.

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി _____ വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം_____ (പി.ഒ) _____ (ജില്ല) _____ (പിൻ)

നിയമാവലി

പേര് : സൊസൈറ്റിയിയുടെ പേര് "ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി ....."

കാര്യാലയം : സൊസൈറ്റി കാര്യാലയം ..... ഗ്രാമപഞ്ചായത്ത് /നഗരസഭ / കോർപ്പറേഷൻ വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം .. (പിഒ) .. (ജില്ല) .... .. (പിൻ കോഡ്)

മേൽവിലാസം : വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം .. (പിഒ) .. (ജില്ല) .... .. (പിൻ കോഡ്)

പ്രവർത്തന പരിധി : ഷെൽട്ടർ (*അഭയകേന്ദ്രം സ്ഥിതി ചെയ്യുന്ന*) തദ്ദേശ സ്വയംഭരണ സ്ഥാപനം (.....), സെർവ്ഡ് (*സേവന പരിധിയിലുള്ള*) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (..) ഉൾപ്പെടുന്ന പ്രദേശം. മേൽ സൂചിപ്പിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മുഴുവൻ ജനങ്ങളും പൊതുസഭയിലെ അംഗങ്ങളായിരിക്കും.

ഉദ്ദേശ്യ ലക്ഷ്യങ്ങൾ : സൊസൈറ്റിയുടെ സ്ഥാപന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. ദേശീയ ചുഴലിക്കാറ്റ് അപകട സാധ്യതാ ലഘൂകരണ പദ്ധതിയിൽ സംസ്ഥാന പദ്ധതി നിർവഹണ യൂണിറ്റും, റവന്യൂ-ദുരന്ത നിവാരണ വകുപ്പും സംയുക്തമായി നിർമിച്ച വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം സാമൂഹിക ആസ്തി എന്ന നിലയിൽ പരിപാലിക്കുക.
2. കെട്ടിടത്തിന്റെയും കാലാകാലങ്ങളിൽ വിതരണം ചെയ്യുന്ന അഭയകേന്ദ്ര ഉപകരണങ്ങളുടെയും ഭദ്രമായ സൂക്ഷിപ്പും പരിപാലനവും ഉറപ്പുവരുത്തുക.
3. ദുരന്ത സമയത്ത് കുടിയൊഴിപ്പിക്കപ്പെട്ട വ്യക്തികൾക്ക് അഭയകേന്ദ്രമായി ഉപയോഗിക്കുവാൻ കെട്ടിടം സജ്ജമാക്കിവയ്ക്കുക. ദുരന്തത്തിന് ശേഷം റവന്യൂ വകുപ്പിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ മാർഗ നിർദേശങ്ങൾ പാലിച്ചുകൊണ്ട് അഭയകേന്ദ്രങ്ങളിൽ നിന്നും വ്യക്തികളെ ഒഴിപ്പിക്കുക.
4. സാധാരണ സമയങ്ങളിൽ അഭയകേന്ദ്രത്തിന്റെ നിയമാനുസൃത ഉപയോഗം ഉറപ്പുവരുത്തുക. കെട്ടിടം നിയമാനുസൃത പ്രവർത്തനങ്ങൾക്ക് വാടകയ്ക്ക് നല്കി വരുമാനം വർദ്ധിപ്പിക്കുകയും ഇതുവഴി ശേഖരിച്ച തുകയാൽ കെട്ടിടത്തിന്റെ ചെറിയ അറ്റകുറ്റ പണികൾ (***ബാധ്യതാ കാലാവധിയിൽ ഉൾപ്പെടാത്തവ***) നടത്തുക. ഇതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചു വയ്ക്കുക.

5. ദുരന്തത്തിന് മുന്നോടിയായുള്ള തയാറെടുപ്പുകൾ, അഭകേന്ദ്ര പരിപാലനം എന്നീ പ്രവർത്തനങ്ങളിൽ അഭയകേന്ദ്രം, സേവന പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പാർശ്വവൽകരിക്കപ്പെട്ട ജനങ്ങളുടെയും സ്ത്രീകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക.
6. ദുരന്ത സാധ്യതാ ലഘൂകണ കാര്യശേഷി വർദ്ധിപ്പിക്കാൻ സമൂഹത്തിൽ ശിൽപശാലകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നല്കുക.
7. സമൂഹത്തിൽ യുവാക്കൾക്കിടയിൽ സന്നദ്ധ പ്രവർത്തനത്തിന് ഉതകുന്നരീതിയിൽ മനോഭാവം വളർത്തിയെടുക്കുന്നത്തിനും അവരെ വിവിധ അടിയന്തര പ്രതികരണ ടീമുകളായി സംഘടിപ്പിക്കുന്നതോടൊപ്പം അവരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ദുരന്ത നിവാരണത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നല്കുക.
8. സമൂഹത്തിൽ ദുരന്ത മുന്നറിയിപ്പ് നല്കൽ, ദുരന്തത്തിന് മുന്നോടിയായുള്ള തയാറെടുപ്പുകൾ എന്നിവ സംബന്ധിച്ച സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നല്കുക.
9. ദുരന്ത സമയത്തെ പ്രവർത്തനങ്ങളിൽ മെച്ചപ്പെട്ട തയ്യാറെടുപ്പിന് സർക്കാർ വകുപ്പുകൾ, സർക്കാരേതര സംഘടനകൾ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദുരന്ത നിവാരണ സ്റ്റിയറിംഗ് കമ്മറ്റികൾ എന്നിവയുമായി മെച്ചപ്പെട്ട ബന്ധം നിലനിർത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നല്കുക.

6. ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയിലെ അംഗങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ. നമ്പർ	ഔദ്യോഗിക നാമം	സി എസ് എം എം സി യിലെ ഔദ്യോഗിക സ്ഥാനം
1	പഞ്ചായത്ത് പ്രസിഡന്റ് /മുനിസിപ്പൽ ചെയർപേഴ്സൺ /മേയർ (ഷെൽട്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനം)	ചെയർപേഴ്സൺ
2	സെക്രട്ടറി, ഷെൽട്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനം *	ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
3	വില്ലേജ് ഓഫീസർ (*വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം റവന്യൂ ഭൂമിയിൽ ആണെങ്കിൽ*) ഹെഡ് മാസ്റ്റർ (*വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം വിദ്യാഭ്യാസ വകുപ്പിന്റെ ഭൂമിയിൽ ആണെങ്കിൽ*)	കൺവീനർ (എക്സ്-ഒഫിഷ്യോ)
4	വെൽഫയർ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺ സെർവ്ഡ് തദ്ദേശ സ്വയംഭരണ സ്ഥാപനം **	മെമ്പർമാർ
5	സ്റ്റേഷൻ ഹൗസ് ഓഫീസർ പോലീസ് സ്റ്റേഷൻ (*അധികാര പരിധിയിൽ വരുന്നത്*)	മെമ്പർ (എക്സ്-ഒഫിഷ്യോ)
6	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മുഴുവൻ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും	മെമ്പർമാർ
7	ഡിവിഷണൽ ഫയർ & റസ്ക്യൂ ഓഫീസർ , പ്രതിനിധി (*അധികാര പരിധിയിൽ വരുന്നത്*)	മെമ്പർ (എക്സ്-ഒഫിഷ്യോ)
8	മേജർ ഇറിഗേഷൻ വകുപ്പ് പ്രതിനിധി	മെമ്പർ (എക്സ്-ഒഫിഷ്യോ)
9	ഫിഷറീസ് വകുപ്പ്, പ്രതിനിധി	മെമ്പർ (എക്സ്-ഒഫിഷ്യോ)
10	സിഡി എസ് ചെയർപേഴ് സൺ (*ഷെൽട്ടർ & സെർവ്ഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ*)	മെമ്പർമാർ
11	ചെയർപേഴ് സൺ നിർദേശിക്കുന്ന ഭിന്നശേഷി വ്യക്തികളിൽ നിന്നുള്ള പ്രതിനിധി (*ഒരു വർഷത്തേക്ക്*)	മെമ്പർ
12	മത്സ്യബന്ധന മേഖല, പട്ടികജാതി & പട്ടികവർഗ സമൂഹത്തിൽനിന്നുള്ള വനിതാ പ്രതിനിധികൾ.	മെമ്പർമാർ
13	എൻസിസി /എസ് പി സി/ ബാലസഭ പ്രതിനിധികൾ (ഒരു ആൺ കുട്ടിയും, ഒരു പെൺ കുട്ടിയും)	മെമ്പർമാർ

അമ്പത് ശതമാനം സ്ത്രീ പ്രാതിനിധ്യം കമ്മറ്റിയിൽ ഉറപ്പുവരുത്തേണ്ടതാണ്.

*ഷെൽട്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനം-വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം.

**സേവന പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനം- വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രത്തിന്റെ സേവന പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം (*അഭയകേന്ദ്രം സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം ഒഴികെ*)

7 **പൊതു സഭ (ജനറൽ ബോഡി) :** അഭയകേന്ദ്ര പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മുഴുവൻ ജനങ്ങളും (*18 വയസ്സിന് മുകളിലുള്ള അഭയകേന്ദ്രം &* സേവന പരിധിയിലുള്ള *തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ആളുകളും*)

8 **അംഗങ്ങളുടെ അവകാശങ്ങളും ബാധ്യതകളും**

I. **ജനറൽ ബോഡി :** അഭയകേന്ദ്ര പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മുഴുവൻ ജനങ്ങളും (*18 വയസ്സിന് മുകളിലുള്ള ഷെൽട്ടർ & സെർവ്ഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ആളുകളും*)

II. **സി.എസ്.എം.എം.സി (*സൈക്ലോൺ ഷെൽട്ടർ മാനേജ്മെന്റ് & മെയ്ൻറനൻസ് കമ്മറ്റി*) ഭരണ സമിതി** : സർക്കാർ പ്രതിനിധികൾ, വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സമൂഹത്തിലെ വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ടതാണ് ഭരണസമിതി. അംഗത്വം സ്വീകരിക്കുന്നതിന് അംഗത്വ ഫീസ് ഈടക്കുന്നതല്ല.

9 **പൊതുസഭയിലെ അംഗങ്ങളുടെ അവകാശങ്ങൾ**

അംഗങ്ങളുടെ അവകാശങ്ങൾ താഴെ ചേർക്കുന്നു.

- ദുരന്ത സമയത്ത് അംഗങ്ങൾക്കും അവരുടെ കുടുംബത്തിനും വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രത്തിൽ അഭയം പ്രാപിക്കാനുള്ള അവകാശം.
- വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രത്തിന്റെ ഗുണങ്ങൾ ദുരന്തങ്ങൾക്ക് വിധേയരായ അംഗങ്ങളോടൊപ്പം പങ്കിടാനുള്ള അവകാശം.
- വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രത്തിന്റെ നടത്തിപ്പ്-പരിപാലനം എന്നിവ സംബന്ധിച്ച വിവരങ്ങൾ പങ്കിടാനുള്ള അവകാശം.
- ദുരന്ത മുന്നറിയിപ്പും, ദുരന്ത സുരക്ഷാ മുൻ കരുതലുകളും സംബന്ധിച്ച അറിവുകൾ പങ്കിടാനുള്ള അവകാശം.
- ദുരന്ത നിവാരണ സംഘത്തിലെ അംഗമെന്ന നിലയിൽ ദുരന്ത നിവാരണത്തെ സംബന്ധിച്ച അറിവുകൾ, നൈപുണ്യങ്ങൾ എന്നിവ സ്വായത്തമാക്കാനുള്ള അവകാശം.
- ദുരന്ത നിവാരണ പ്രവാർത്തനങ്ങളിൽ കഴിവിനനുസരിച്ച് പങ്ക് ചേരുവാനും അത് മറ്റുള്ളവരിലേക്ക് പകർന്ന് കൊടുക്കാവാനുമുള്ള അവകാശം.
- അഭയകേന്ദ്ര കെട്ടിടത്തിന്റെ പരിപാലനത്തിനും പുരോഗമന പ്രവർത്തനങ്ങളിലും പരിപാലനത്തിലും അഭിപ്രായം പറയുവനുള്ള അവകാശം.

10. **പൊതുസഭയുടെ അംഗങ്ങളുടെ കടപ്പാടുകൾ:**

- സൊസൈറ്റിയുടെ നിയമങ്ങൾ / കാലാകാലങ്ങളിൽ ഉണ്ടാകുന്ന സർക്കാർ/ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി/ ജില്ല ദുരന്ത നിവാരണ അതോറിറ്റി/ സൊസൈറ്റിയുടെ തീരുമാനങ്ങൾ എന്നിവയെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുക.

- ✧ കാര്യശേഷി വർദ്ധിപ്പിക്കുന്നതിലും, ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുക.
- ✧ രക്ഷാപ്രവർത്തനം, ദുരന്ത പ്രതികരണം, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- ✧ സാമൂഹ്യ ആസ്തികളായ വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം, അഭയകേന്ദ്ര ഉപകരണങ്ങൾ എന്നിവ സന്നദ്ധ പ്രവർത്തനത്തിലൂടെ പരിപാലിക്കുക.
- ✧ ദുരന്ത സമയത്തും ദുരന്ത സഹചര്യമല്ലാത്ത സമയത്തുമുള്ള എല്ലാപ്രവർത്തനങ്ങളിലും അച്ചടക്കം പാലിക്കുക.
- ✧ സഹ ഗുണഭോക്താക്കളുടെ വികാരം മാനിച്ച് പ്രവർത്തിക്കുക.
- ✧ ദുരന്ത സമയത്ത് അഭയകേന്ദ്രമുപയോഗിക്കുമ്പോൾ തനിക്കും കുടുംബത്തിനും ഏറ്റവും കുറഞ്ഞ സ്ഥലമുപയോഗിക്കാനും ഇതിലൂടെ മറ്റുള്ളവർക്ക് അഭയം നാൽകാനാകും വിധത്തിലും പ്രവർത്തിക്കുക.
- ✧ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനത്തിൽ റവന്യൂ വകുപ്പിന്റെ നിർദേശമനുസരിച്ച് ദുരന്തത്തിന് ശേഷം അഭയകേന്ദ്രം ഒഴിഞ്ഞു കൊടുക്കുക.
- ✧ ജാതി, മതം, സമുദായം, ജന്മസ്ഥലം, ലിംഗ വിവേചനം എന്നിവ കൂടാതെ അഭയകേന്ദ്രം ഉപയോഗിക്കുക.

11. ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ കാലയളവും, പിരിച്ചുവിടലും

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി ഒരു സ്ഥിരം സംവിധാനമാണ്. ജില്ല ദുരന്ത നിവാരണ അതോറിറ്റി /സംസ്ഥാന സർക്കാറിന്റെ ഉത്തരവിലൂടെ മാത്രമേ അഭയകേന്ദ്ര പരിപാലന കമ്മറ്റിയെ പിരിച്ചുവിടാനാകൂ.

- ➢ സ്വകാര്യ വ്യക്തികളുടെ അംഗത്വം ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ പ്രമേയത്തിലൂടെയോ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവിലൂടെയോ താഴെപ്പറയുന്ന കാരണത്താൽ അവസാനിപ്പിക്കുന്നതാണ്.
- ➢ അവൻ/അവൾ ഇന്ത്യൻ പൗരത്വം അവസാനിപ്പിക്കുകയാണെങ്കിൽ.
- ➢ ദുരന്ത സാധ്യത പ്രദേശത്തുന്നിന്നും സ്ഥിരമായി താമസം മാറുക.
- ➢ വർഷത്തിൽ ഭൂരിഭാഗവും ദുരന്ത സാധ്യതാ പ്രദേശത്ത് താമസിക്കാത്തവർ.
- ➢ വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം ദുരുപയോഗം ചെയ്യുകയോ സമൂഹത്തിന്റെ അന്തസത്തയ്ക്കു കോട്ടം തട്ടുന്ന രീതിയിലോ പ്രവർത്തിക്കുക.
- ➢ സാമൂഹ്യ- നിയമ വിരുദ്ധമോ അധാർമിക പ്രവർത്തനനങ്ങളിലോ എർപ്പെടുക.
- ➢ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ അഭിപ്രായത്തിൽ മറ്റേതെങ്കിലും കാരണത്താൽ സമൂഹത്തിൽ അവൻ / അവൾ തുടരുന്നത് പൊതുതാൽപ്പര്യത്തിന് വിരുദ്ധമായാൽ.

12. ചെയർപേഴ്സന്റെ അധികാരങ്ങളും പ്രവർത്തനങ്ങളും

- ✧ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി യോഗങ്ങളുടെ അദ്ധ്യക്ഷത വഹിക്കുക.
- ✧ പ്രസിഡന്റായി പ്രവർത്തിക്കുന്നതോടൊപ്പം വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിയമാനുസൃതം നടത്താൻ നിർദ്ദേശിക്കുക.
- ✧ സാധാരണ/ദുരന്ത സമയങ്ങളിൽ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഏകോപനവും.
- ✧ വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രത്തിന്റെ നടത്തിപ്പ്, പരിപാലനം, കേടുപാടുകൾ തീർക്കൽ കാര്യശേഷി വികസന പ്രവർത്തനങ്ങൾ കൂടാതെ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ മറ്റ് പ്രവർത്തനങ്ങളുടെ നടത്തിപ്പും മേൽനോട്ടവും.
- ✧ യാഥാസമയങ്ങളിൽ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ രേഖകൾ, അക്കൗണ്ട് വിവരങ്ങൾ എന്നിവ പരിശോധിക്കേണ്ടതും, സാമ്പത്തിക ഇടപാടുകളിൽ കൃത്യമായ നടപടി ക്രമങ്ങൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വച്ച് പുലർത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.
- ✧ ഉചിതമായ പ്രമേയത്തിലൂടെ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി തീരുമാനങ്ങൾ നടപ്പിലാക്കുക.
- ✧ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ മുൻകൂർ അനുമതിയോടെ നിയമാവലിയിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥയ്ക്ക് അനുസൃതമായി അംഗങ്ങളുടെ അംഗത്വം റദ്ദ് ചെയ്യാവുന്നതാണ്.

13. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധികാരങ്ങളും പ്രവർത്തനങ്ങളും

- ➢ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി യോഗങ്ങൾ വിളിച്ചുചേർക്കാനുള്ള ഉത്തരവാദിത്തം.
- ➢ ചെയർപേഴ്സന്റെ അനുമതിയോടെ പ്രതിമാസ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി യോഗങ്ങൾ/അടിയന്തിര യോഗങ്ങൾ എന്നിവ വിളിക്കേണ്ടതാണ്.
- ➢ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി തീരുമാനങ്ങൾ ചെയർപേഴ്സന്റെ പ്രമേയത്തിലൂടെ / രേഖാമൂലമുള്ള ഉത്തരവിലൂടെ നടപ്പിലാക്കുന്നതാണ്.
- ➢ സംസ്ഥാന സർക്കാർ/ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം ദുരന്ത നിവാരണ, കാര്യശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ സംഘാടനം/ഏകോപനം.
- ➢ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി തീരുമാന പ്രകാരം വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന ഫണ്ട് ശേഖരിക്കുകയും, ശേഖരിച്ച എല്ലാ ഫണ്ടും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (*സെക്രട്ടറി ഷെൽട്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനം*) കൺവീനർ (*വില്ലേജ് ഓഫീസർ/ പ്രധാന അധ്യാപകൻ*) എന്നിവരുടെ സംയുക്ത അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതുമാണ്.

- പ്രവർത്തന റിപ്പോർട്ട് നിശ്ചിത മാതൃകയിൽ തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ത്രൈമാസ റിപ്പോർട്ടായി സമർപ്പിക്കേണ്ടതാണ്.
- ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയ്ക്കു വേണ്ടി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമായും, ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട ഏജെൻസികളുമായും മദ്ധ്യവർത്തിയായി പ്രവർത്തിക്കേണ്ടതാണ്.

14. കൺവീനർ / ട്രഷറർ അധികാരങ്ങളും പ്രവർത്തനങ്ങളും

- ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ കൺവീനർ, ട്രഷറർ ആയിരിക്കും.
- വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രത്തിന്റെയും അഭയകേന്ദ്ര ഉപകരണങ്ങളുടേയും സൂക്ഷിപ്പുകാരനും കൂടാതെ വസ്തുവകകളിൽ ഏതെങ്കിലും നാശനഷ്ടം സംഭവിക്കാതെ നോക്കേണ്ടതിന്റെ ഉത്തരവാദിത്തവും കൺവീനറിൽ നിക്ഷിപ്തമായിരിക്കും.
- ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ അംഗീകാരത്തോടെ തുക ചെലവഴിക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അനുവദിക്കുന്നതാണ്.
- ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ മിനുട്ട് ബുക്ക്, ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ മുതലായ രേഖകൾ സൂക്ഷിക്കുകയും, അവയുടെ ശരിയായ പരിപാലനവും ഉത്തരവാദിത്തവും.
- ട്രഷറർക്ക് ദൈനംദിന ചെലവുകൾക്കായി 2000/- രൂപ വരെ കൈയ്യിൽ സൂക്ഷിക്കാവുന്നതാണ്.
- ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ വരവ് -ചെലവ് കണക്ക്, ക്യാഷ് ബുക്ക് എന്നിവ സൂക്ഷിക്കുകയും, കൂടാതെ വരവ് -ചെലവ് കണക്ക് തൊട്ടടുത്ത കമ്മറ്റി യോഗത്തിൽ അവതരിപ്പിച്ച് അംഗീകരിച്ചെടുക്കുകയും കണക്കുകൾ ഔദ്യോഗിക പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുക.
- വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രവും ചുറ്റുപാടും പതിവായി വൃത്തിയായി സൂക്ഷിക്കേണ്ട ഉത്തരവാദിത്തം കൂടാതെ ദുരന്ത സമയങ്ങളിൽ അഭയകേന്ദ്രം ഉപയോഗിക്കുന്നതിന് വേണ്ടി സജ്ജീകരണങ്ങൾ ഒരുക്കേണ്ട ഉത്തരവാദിത്തം.
- സാധാരണ സമയങ്ങളിൽ വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം സ്കൂൾ/കോളേജ്, സമൂഹത്തിലെ മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതിന് പ്രഥമ പരിഗണന നല്കുക.
- ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ തീരുമാന പ്രകാരം വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം കമ്മറ്റി നിശ്ചയിച്ച നിരക്ക് പ്രകാരം ലാഭകരമായി വാടകയ്ക്ക് നല്കി പതിമാസ വാടക ശേഖരിക്കേണ്ടതും, ശേഖരിച്ച തുക യഥാ സമയം കമ്മറ്റിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.
- സൊസൈറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾ ഉത്തരവാദിത്തത്തോടെ നിർവഹിക്കുക.

15. റിപ്പോർട്ടിംഗ്

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി പ്രവർത്തന റിപ്പോർട്ട് നിശ്ചിത മാതൃകയിൽ തയാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ത്രൈമാസ റിപ്പോർട്ടായി സമർപ്പിക്കേണ്ടതും പകർപ്പ് ജില്ലാ കളക്ടർക്ക് നൽകേണ്ടതുമാണ്.

16. ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ അധികാരങ്ങൾ

ഔദ്യോഗിക പദവി അനുസരിച്ച് അംഗമാകാൻ യോഗ്യതയുള്ള ഒരാൾ നിലവിൽ അംഗമല്ലെങ്കിലും നിയമനം നടത്താത്തത് മൂലമോ അല്ലാതെയോ ഭരണസമിതി ഒഴിവ് ഉണ്ടെന്ന് വരികിലും നടത്തിപ്പ് സമിതി എടുക്കുന്ന തീരുമാനങ്ങൾ ഈ കാരണങ്ങൾ കൊണ്ട് ഒരു കാരണവശാലും അസാധുവാകാത്തതും അംഗങ്ങളുടെ നിയമനത്തിൽ എന്തെങ്കിലും ന്യൂനതകൾ ഉള്ളത് കൊണ്ടല്ല ഇത്തരത്തിൽ സംഭവിച്ചത് എന്ന രീതിയിൽ ആയിരിക്കണം അഭയകേന്ദ്ര ഭരണ സമിതിയുടെ പ്രവർത്തനം.

പ്രസിഡന്റിന്റെ അനുമതി ഇല്ലാതെ ഒരംഗം തുടർച്ചയായി മൂന്ന് ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി യോഗങ്ങളിൽ (*സമൂഹ്യ തലത്തിൽ*) പങ്കെടുക്കാതിരുന്നാൽ അദ്ദേഹത്തിന്റെ അംഗത്വം സ്വമേധയാ ഇല്ലാതാകും. പൊതുസഭ പരിപാലന സമിതിയിലെ ഏതൊരു ഒഴിവിലേക്കും ആളിനെ തെരഞ്ഞെടുക്കാവുന്നതാണ്. വേതന രഹിത വ്യവസ്ഥയിൽ ഏതൊരാളും സ്വമേധയാ കൺവീനറിനെ സഹായിക്കാൻ തയാറായാൽ പരിപാലന കമ്മറ്റിക്ക് അദ്ദേഹത്തെ സ്വീകരിക്കാവുന്നതാണ്.

17. ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ നടപടിക്രമങ്ങൾ

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കേണ്ടത് ചെയർപേഴ്സണും (*പ്രസിഡണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനം*) അദ്ദേഹത്തിന്റെ അഭാവത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും (*സെക്രട്ടറി തദ്ദേശ സ്വയംഭരണ സ്ഥാപനം*) ആയിരിക്കും, രണ്ടുപേരുടെയും അഭാവത്തിൽ സന്നിഹിതരായ അംഗങ്ങളുടെ ഇടയിൽ നിന്നും ഒരാളെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കേണ്ടതാണ്.

18. ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ പ്രവർത്തനങ്ങൾ

- വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് നിയമങ്ങൾക്കനുസൃതമായി നിർദ്ദേശങ്ങൾ സ്വീകരിച്ച് തീരുമാനമെടുക്കുക.
- അഭയകേന്ദ്രത്തിന്റെ ഓരോ ഉപയോഗങ്ങൾക്കും നിശ്ചിത വാടക നിജപ്പെടുത്തി നൽകുക.
- അഭയകേന്ദ്രത്തിന്റെ ഉപയോഗ കാലയളവ് നിശ്ചയിക്കുക.
- വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം ഉത്തരവാദിത്തത്തോടെ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

- അഭയകേന്ദ്രത്തിന്റെ ദുരുപയോഗത്തിനെതിരെ പരിഹാര നടപടികളോ ശിക്ഷണ നടപടികളോ സ്വീകരിക്കുക.
- വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രം, അഭയകേന്ദ്ര ഉപകരണങ്ങൾ, പരിസരം എന്നിവയ്ക്ക് ശരിയായ പരിപാലനം ഉറപ്പ് വരുത്തുക.

19. ഉത്തരവാദിത്തങ്ങൾ

നാല് പ്രധാന പ്രവർത്തനങ്ങളുടെ ഉത്തരവാദിത്തമാണ് ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിക്കുള്ളത്.

1) വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രത്തിന്റെ സാധാരണ സമയങ്ങളിലെ ഉപയോഗം.
2) വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന ഫണ്ടിന്റെ (സഞ്ചിത നിധി) പരിപാലനം.
3) സമൂഹത്തിൽ ദുരന്ത നിവാരണ തയാറെടുപ്പുകൾ.
4) ദുരന്ത സമയത്തെ പരിപാലന പ്രവൃത്തികൾ.

20. ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ പ്രവർത്തനങ്ങൾ

പ്രവർത്തനങ്ങൾ മൂന്ന് തരത്തിലാണ് ഉള്ളത്.

a. സാധാരണ സമയത്തെ പ്രവർത്തനങ്ങൾ
b. ദുരന്ത സമയത്തെ പ്രവർത്തനങ്ങൾ
c. ദുരന്തങ്ങൾക്ക് ശേഷമുള്ള പ്രവർത്തനങ്ങൾ

21. സാധാരണ സമയത്തെ പ്രവർത്തനങ്ങൾ

- സാധാരണ സമയത്ത് അഭയകേന്ദ്രം സ്കൂൾ/കോളേജ് പഠന മുറികളായി ഉപയോഗിക്കുന്നതിന് പ്രഥമ പരിഗണന നല്കുക.
- മേൽപറഞ്ഞ കാരണങ്ങൾ കൂടാതെ സമൂഹ്യ ആവശ്യങ്ങൾക്കും അഭയകേന്ദ്രം ഉപയോഗിക്കാവുന്നതാണ്.
- വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രവും പരിസരവും താൽക്കാലിക വരുമാന വർദ്ധക ഉപയോഗത്തിന് നൽകാവുന്നതും നിശ്ചിത വാടക ഈടാക്കാവുന്നതുമാണ്.
- വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രവും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും ദുരന്ത സമയത്ത് അഭയകേന്ദ്രങ്ങളായി പ്രവർത്തിക്കാൻ സജ്ജമാക്കിയിരിക്കുകയും വേണം.
- ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി പ്രതിമാസ യോഗങ്ങൾ ചേരേണ്ടതും യോഗ തീരുമാനങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

- ✧ ഷെൽട്ടർ ഉപകരണങ്ങളുടെ ശരിയായ പരിപാലനം ഉറപ്പുവരുത്തുക.
- ✧ ബന്ധപ്പെട്ട എല്ലാവർക്കും ആവശ്യമായ വിവരങ്ങൾ നല്കാൻ സദാ സന്നദ്ധരായിരിക്കുക.
- ✧ ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ, കാര്യശേഷി വികസന പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുക.

22. പരിപാലനവും/അറ്റകുറ്റപ്പണികളും

- ➢ അഭയകേന്ദ്രത്തിന്റെ പരിപാലന ചുമതല പൂർണമായും ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിക്കായിരിക്കും.
- ➢ അഭയകേന്ദ്രത്തിന്റെ മുഖ്യമായ അറ്റകുറ്റ പണികളുടെ വിവരങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കേണ്ട ചുമതല ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിക്കായിരിക്കും.
- ➢ അഭയകേന്ദ്രത്തിന്റെ ദൈനംദിന പരിപാലന ചുമതല ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയിൽ നിക്ഷിപ്തമായിരിക്കും.
- ➢ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിക്ക് അഭയകേന്ദ്രത്തിന്റെ രൂപാന്തരപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അധികാരമില്ല.
- ➢ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിക്ക് അഭയകേന്ദ്ര പരിപാലനത്തിന് വേണ്ടി സമൂഹത്തിൽ നിന്നും സംഭാവന സ്വീകരിച്ച് അഭയകേന്ദ്ര പരിപാലന ഫണ്ട് പരിപോഷിപ്പിക്കേണ്ടതു കൂടാതെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം അഭയകേന്ദ്രനങ്ങളുടെ മുഖ്യമായ പരിപാലനത്തിന് വേണ്ടി പ്രത്യേകം ഒരു ഹെഡ് തങ്ങളുടെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതും അഭയകേന്ദ്രത്തിന്റെ ആകെ നിർമാണ തുകയുടെ 3%-ത്തിൽ അധികരിക്കാത്ത തുക അഭയകേന്ദ്രത്തിന്റെ മുഖ്യമായ അറ്റകുറ്റ പണികൾക്കായി വർഷാവർഷം ഉപയോഗിക്കേണ്ടതുമാണ്.
- ➢ അഭയകേന്ദ്രത്തിന്റെ മുഖ്യമായ അറ്റകുറ്റപണികളുടെ വിശദാംശങ്ങൾ മുൻകൂറായി ജില്ലാ ദുരന്തനിവാരണ അതോറിറ്റി സമക്ഷം അറിയിക്കേണ്ടതാണ്.

23. ദുരന്ത സമയത്തെ പ്രവർത്തനങ്ങൾ

1. ചുഴലിക്കറ്റുകൾക്ക് തൊട്ടുമുമ്പ്

- ✧ ദുരന്ത മുന്നറിയിപ്പ് ലഭിച്ചയുടനെ അടിയന്തിരമായി ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി വിളിച്ചു ചേർക്കുകയും ജാഗ്രതാ നിർദേശം നൽകുകയും ചെയ്യേണ്ടതാണ്.
- ✧ നിലവിൽ അഭയകേന്ദ്രത്തിൽ വാടകക്കാരുണ്ടെങ്കിൽ അവരെ ഒഴിപ്പിക്കുകയും, ദുരന്ത മേഖലകളിൽ നിന്നും ഒഴിപ്പിക്കപ്പെട്ട ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് അഭയകേന്ദ്രം തയ്യാറാക്കി വയ്ക്കേണ്ടതുമാണ്.

- ✧ നിലവിൽ അഭയകേന്ദ്രത്തിൽ വാടകക്കാരുണ്ടെങ്കിൽ അവരുമായുള്ള വാക്കാലോ എഴുതിയതോ ആയ കരാർ ഉടമ്പടി തൽക്കാലത്തേക്ക് സ്വയമേവ റദ്ദാക്കപ്പെടും. ഒഴിപ്പിക്കപ്പെട്ട ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് അഭയകേന്ദ്രം തയ്യാറാക്കി വയ്ക്കേണ്ടതാണ്.
- ✧ ഒഴിപ്പിക്കപ്പെട്ട ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് വേണ്ടി അഭയകേന്ദ്രം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
- ✧ അഭയകേന്ദ്രത്തിൽ കുടിക്കാനുള്ള ശുദ്ധജലം, പ്രാഥമിക ശുശ്രൂഷ സേവനം, മതിയായ വെളിച്ചം എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- ✧ ദുരന്ത മേഖലകളിൽ നിന്നും ജനങ്ങളെ ഒഴിപ്പിക്കുന്നതിന് ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി ഭരണാധികാരികൾക്കും/ സാമൂഹ്യ പ്രവർത്തകർക്കും വേണ്ട സഹായ സഹകരണങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.
- ✧ ദുരന്തത്തിന് മുന്നോടിയായി ഒഴിപ്പിക്കപ്പെട്ട ജനങ്ങളെ അഭയകേന്ദ്രങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനും ദുരന്തത്തിന് ശേഷം ജനങ്ങളെ അഭയകേന്ദ്രത്തിൽ നിന്ന് ഒഴിപ്പിക്കുന്നതിനും വേണ്ട സൗകര്യങ്ങൾ യഥാസമയം ഒരുക്കേണ്ടതാണ്.

2. **ചുഴലിക്കാറ്റ് സമയത്ത്**

- ➢ ചുഴലിക്കാറ്റ് / മറ്റ് ദുരന്ത സാഹചര്യ സമയങ്ങളിൽ എല്ലാ ഗുണഭോക്താക്കൾക്കും അഭയം നല്കുന്നതിനും അഭയകേന്ദ്രത്തിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി സഹകരണം ഉറപ്പുവരുത്തേണ്ടതാണ്.
- ➢ അഭയകേന്ദ്രത്തിൽ കുട്ടികൾ, ഗർഭിണികൾ, മുതിർന്ന പൗരന്മാർ, ഭിന്ന ശേഷിക്കാർ എന്നിവർക്ക് പ്രത്യേകം താമസ സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.
- ➢ അഭയകേന്ദ്രത്തിൽ താമസിക്കുന്നവരുടെ അച്ചടക്കം ഉറപ്പുവരുത്തേണ്ടതാണ്.
- ➢ ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദേശ പ്രകാരം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്.

3. **ചുഴലിക്കാറ്റിന് ശേഷമുള്ള പ്രവർത്തനങ്ങൾ**

- ✧ ചുഴലിക്കാറ്റിന് ശേഷം അഭയകേന്ദ്രത്തിൽ താമസിച്ചവരെ സുരക്ഷിതമായി

  അവരവരുടെ താമസ സ്ഥലത്തേക്കു മാറ്റിപ്പാർപ്പിക്കുവാനുള്ള സഹായ സഹകരണങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.
- ✧ ജില്ലാ ഭരണകൂടത്തിനും, /ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും യഥാസമയം

  വിവരങ്ങൾ കൈമാറേണ്ടതാണ്.
- ✧ ജില്ലാ ഭരണകൂടത്തിനും / ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വേണ്ട സഹായ സഹകരണങ്ങൾ നൽകുക

24. യോഗങ്ങൾ : യോഗങ്ങൾ ചേരാൻ അവശ്യം വേണ്ട അംഗസംഖ്യ (കോറം)

- കൂടുതൽ അംഗങ്ങൾ പങ്കെടുത്ത പൊതുയോഗത്തിലെ അംഗങ്ങളുടെ ഹാജർ വിവരങ്ങൾ നോക്കി അതിൽ പങ്കെടുത്ത അംഗങ്ങളുടെ മൂന്നിൽ ഒന്ന് പൊതുയോഗത്തിൽ അവശ്യം വേണ്ട അംഗസംഖ്യയായി കണക്കാകാവുന്നതാണ്.
- ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി യോഗം എല്ലാ മാസവും ചേരേണ്ടതാണ്.
- അടിയന്തിര സാഹചര്യങ്ങളിൽ അല്ലാതെ വിളിക്കുന്ന യോഗങ്ങളുടെ അറിയിപ്പുകൾ നിശ്ചയിച്ച യോഗ തീയതിക്ക് ഏഴ് ദിവസം മുൻപായി എല്ലാ കമ്മറ്റി അംഗങ്ങൾക്കും അറിയിപ്പ് നൽകേണ്ടതാണ്.
- കമ്മറ്റി യോഗങ്ങളിൽ ഐകകണ്ഠമായി തീരുമാനമെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും, ഏതെങ്കിലും വിഷയത്തിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നു വന്നാൽ ഭൂരിപക്ഷ വോട്ടുകളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കാവുന്നതാണ്. ഓരോ അംഗത്തിനും ഒരു വോട്ട് ഉണ്ടായിരിക്കും. ഏതെങ്കിലും വിഷയത്തിൽ തീരുമാനമെടുക്കേണ്ട സമയത്ത് തുല്യമായ വോട്ടുകൾ വരികയാണെങ്കിൽ (അനുകൂലമോ/പ്രതികൂലമോ) ചെയർപേഴ്സൺ തന്റെ വോട്ട് രേഖപ്പെടുത്തുന്നതായിരിക്കും.
- യോഗങ്ങൾ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് നടത്തേണ്ടതാണ്.

25. വോട്ടെടുപ്പ്:

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി യോഗങ്ങളിൽ അംഗങ്ങൾക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടാകുന്ന സമയത്ത്.

- ഏകാഭിപ്രായം ഉണ്ടാകാത്ത സാഹചര്യങ്ങളിൽ കൈകൾ ഉയർത്തി വോട്ടെടുപ്പ് നടത്തേണ്ടതാണ്.
- വോട്ടെടുപ്പും അതിന്റെ നടപടിക്രമങ്ങളും പ്രസിഡണ്ട് തീരുമാനിക്കുന്നതും. വോട്ടെടുപ്പിന്റെ വിശദാംശങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും ഔദ്യോഗിക രേഖയായി പുസ്തകത്തിൽ

  രേഖപ്പെടുത്തേണ്ടതുമാണ്.

26. പൊതുയോഗം:

- വർഷത്തിൽ ഒരിക്കൽ പൊതുയോഗം ചേരേണ്ടതാണ്.
- യോഗത്തിൽ അവശ്യം വേണ്ട അംഗങ്ങളുടെ എണ്ണം പൊതുസഭയുടെ രീതിയിൽ ഒരുപോലെ നിജപ്പെടുത്തേണ്ടതാണ്.
- അഭയകേന്ദ്ര പരിപാലനം, ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയിലെ തെരെഞ്ഞെടുക്കപ്പെടേണ്ട സ്വകാര്യ പ്രതിനിധികൾ (*ഭിന്നശേഷിക്കാർ, പട്ടികജാതി/പട്ടികവർഗം, മത്സ്യ തൊഴിലാളി സമൂഹം, കുട്ടികൾ എന്നിവരിൽ നിന്നുള്ള പ്രതിനിധികൾ*) മുതലായവരുടെ ഒഴിവുകൾ കാലാകാലം നികത്തുക.

27. സാമ്പത്തികവും –പൊതു മാർഗനിർദേശങ്ങളും:

സംയുക്ത അക്കൗണ്ട്: സർക്കാർ ഉത്തരവ് (എംഎസ്സ്) നം.27/2020/ഡി.എം.ഡി തീയതി 01/10/2020 പ്രകാരം 3.2 കോടി രൂപ സഞ്ചിത നിധിയായി ചുഴലിക്കാറ്റ് അഭയകേന്ദ്രത്തിന് അനുവദിച്ചത് 17 ചുഴലിക്കാറ്റ് അഭയകേന്ദ്രനങ്ങൾക്കായി വീതിച്ചു നൽകുന്നതാണ്. വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രത്തിനടുത്തുള്ള ട്രഷറിയിൽ 5 വർഷത്തേക്ക് മാറ്റാൻ പറ്റാത്ത സ്ഥിര നിക്ഷേപ സ്കീമിൽ സഞ്ചിത നിധി സൂക്ഷിക്കേണ്ടതും, കൂടാതെ, സ്ഥിര നിക്ഷേപത്തിൽ നിന്ന് ലഭിക്കുന്ന പലിശ, ഉപയോക്തൃ ഫീസ്, വരിസംഖ്യ മുതലായവയിലൂടെ സമാഹരിക്കുന്ന ഫണ്ട് ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി) കൺവീനർ/ട്രഷറർ/കസ്റ്റോഡിയൻ (വില്ലേജ് ഓഫീസർ/ഹെഡ് മാസ്റ്റർ) എന്നിവർ സംയുക്തമായി കൈകാര്യം ചെയ്യുന്ന ട്രെഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറന്ന് സൂക്ഷിക്കാവുന്നതാണ്. സ്ഥിര നിക്ഷേപം കാലാകാലങ്ങളിൽ പുതുക്കേണ്ടതും, സർക്കാർ അനുമതിയോടെ അല്ലാതെ ടി തുക പിൻവലിക്കുവാൻ സാധിക്കാത്തതുമാണ്.

- ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിക്ക് ലഭിച്ച ഫണ്ടിന്റെ ശരിയായ കണക്ക് വിവരങ്ങൾ സൂക്ഷിക്കേണ്ടതാണ്.
- ദൈനംദിന ഉപയോഗത്തിനല്ലാതെയുള്ള മുഴുവൻ തുകയും അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടത്
- സെക്രട്ടറിയും കൺവീനറും സംയുക്തമായി അക്കൗണ്ട് കൈകാര്യം ചെയ്യേണ്ടതാണ്.
- സെക്രട്ടറി ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ പ്രതിമാസ യോഗത്തിൽ വരവ് –ചെലവ് കണക്കുകൾ അവതരിപ്പിക്കേണ്ടതും, പ്രസ്തുത റിപ്പോർട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് നൽകേണ്ടതുമാണ്.

1. **ഷെൽട്ടർ ഉപകരണങ്ങൾ:**

1.1 ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, അല്ലെങ്കിൽ മറ്റ് ഏജെൻസികളിൽ നിന്നും ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിക്ക് ലഭിക്കുന്ന തിരച്ചിൽ, രക്ഷാപ്രവർത്തനം-പ്രഥമ-ശുശ്രൂഷ ഉപകരണങ്ങൾ , പാത്രങ്ങൾ എന്നിവ സ്വീകരിക്കാനും, മതിയായ രീതിയിൽ പരിപാലിക്കാനും കമ്മറ്റി അംഗങ്ങൾ ബാധ്യസ്ഥരായിരിക്കും.

1.2 ലഭിച്ച ഉപകരണങ്ങൾ ആവശ്യകത അനുസരിച്ച് മാത്രം ഉപയോഗിക്കേണ്ടതാണ്.

1.3 ലഭിക്കുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, ഇതിന്റെ പകർപ്പ് ജില്ല ദുരന്ത നിവാരണ അതോറിറ്റിക്ക് നല്കേണ്ടതുമാണ്.

1.4 ഉപകരണങ്ങൾ ഏതാവശ്യത്തിനാണോ നൽകിയത് അതിന് മാത്രം ഉപയോഗിക്കേണ്ടതാണ്. ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ മുൻകൂർ അനുമതിയോടെ മാത്രമേ ഉപകരണങ്ങൾ മറ്റ് സാമൂഹ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ.

2. ഫണ്ടുകൾ:

1.1 ഇന്ത്യയിലെ സർക്കാർ, സർക്കാരേതര സ്രോതസ്സുകളിൽ നിന്ന് ഉപയോക്തൃ ഫീസ്, വരിസംഖ്യ, ഗ്രാന്റ് എന്നിവയിലൂടെ സൊസൈറ്റിക്ക് ഫണ്ട് സ്വീകരിക്കാനും സമാഹരിക്കാനും ഇത് ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ ലക്ഷ്യ സാക്ഷാത്കരണത്തിനായും വിനിയോഗിക്കേണ്ടതാണ്. ഫണ്ട് ശേഖരണം സംബന്ധിച്ച റിപ്പോർട്ട് യഥാ സമയം ജില്ല ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതാണ്.

1.2 വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രത്തിന്റെ നടത്തിപ്പിനും, പരിപാലനത്തിനുമായി ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിക്ക് ഒരു സഞ്ചിത നിധി നൽകുന്നതാണ്. ടി തുക ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ഷെൽട്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി കൺവീനർ/ട്രഷറർ/കസ്റ്റോഡിയൻ (ഷെൽട്ടർ വിലേജ് ഓഫീസർ/ഹെഡ് മാസ്റ്റർ) പേരിൽ ട്രഷറിയിൽ ലോക്ക്-ഇൻ സംവിധാനത്തിൽ ദീർഘകാല നിക്ഷേപ പദ്ധതിയിൽ നിക്ഷേപിച്ച് ഇതിൽ നിന്നും ലഭിക്കുന്ന പലിശ അഭയകേന്ദ്രത്തിന്റെ ചെറിയ അറ്റകുറ്റപ്പണികൾക്കും, നടത്തിപ്പിനുമായി വിനിയോഗിക്കാവുന്നതാണ്. സർക്കാർ അനുമതി ഇല്ലാതെ സഞ്ചിത നിധി പിൻവലിക്കാൻ സാധ്യമല്ല.

1.3 വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്ര കെട്ടിടത്തിന്റെ പ്രത്യേക അറ്റകുറ്റപ്പണികൾക്ക് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു പ്രത്യേക ശീർഷകത്തിൽ ബഡ്ജറ്റിൽ ആവശ്യമായത് വകയിരുത്തുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സംസ്ഥാന ബഡ്ജറ്റിൽ കെട്ടിടത്തിന്റെ മൂലധന ചെലവിന്റെ 3% തുക ഉൾപ്പെടുത്തേണ്ടതും, ആയത് കാലാകാലങ്ങളിലെ ഷെഡ്യൂൾ നിരക്കനുസരിച്ച് പുതുക്കേണ്ടതുമാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന എക്സിക്യൂട്ടീവ് എൻജിനിയർ ബഡ്ജറ്റ് നിർദേശത്തിൽ ആവശ്യമായ ഫണ്ട് ഉൾപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ചെറിയ അറ്റകുറ്റപ്പണികൾ/ മാറ്റിസ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിയുടെ സഞ്ചിതനിധിയുടെ പലിശ ഇനത്തിൽ ലഭിക്കുന്ന തുകയുപയോഗിച്ച് നടത്തുന്നതായിരിക്കും.

3. ആഡിറ്റ്:

സൊസൈറ്റിയുടെ ഫണ്ടുകൾ വർഷം തോറും യോഗ്യതയുള്ള ആഡിറ്റർ അല്ലെങ്കിൽ സർക്കാർ ആഡിറ്റർ മുഖേന ആഡിറ്റ് നടത്തേണ്ടതും, വാർഷിക ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ജില്ല ദുരന്ത നിവാരണ അതോറിറ്റി, ഫണ്ടുമായി ബന്ധപ്പെട്ട മറ്റ് പങ്കാളികൾക്കും കൂടാതെ രജിസ്ട്രാർക്കും നല്കേണ്ടതാണ്. **സൊസൈറ്റി** രജിസ്റ്റർ **ചെയ്തിരിക്കുന്ന നിയമത്തിലെ നിലവിലുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കാലാകാലങ്ങളിൽ വകുപ്പു തല ആഡിറ്റും നടത്തുന്നതാണ്.**

28. നിയമ നടപടി:

ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റിക്ക് വ്യക്തികൾക്ക് ലഭിക്കുന്ന നിയമ പരിരക്ഷയ്ക്ക് തുല്യമായി കമ്മറ്റി പ്രവർത്തനങ്ങളിൽ **സമൂഹത്തിന്റെ ഇടപെടലുകൾക്കും നിയമ സാധുത** ലഭിക്കും.

29. ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി ബാധ്യത:

അംഗങ്ങളുടെ ബാധ്യത പരിമിതമായിരിക്കും. കൂടാതെ അംഗങ്ങളുടെ കൈവശമുള്ള തുകകളിൽ ഏതെങ്കിലും അടക്കാത്ത തുകയുണ്ടെങ്കിൽ ടി തുകയിലേക്ക് ബാധ്യത പരിമിതപ്പെടുത്തിയിരിക്കുന്നു. "ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി, _____ " എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിക്കുന്നതിനായി ഞങ്ങൾ താഴെ പറയുന്നവരുടെ സ്ഥാനവും മേൽവിലാസവും ഇവിടെ ചേർത്തിരിക്കുന്നു.

ക്രമ.നം.	പേര് /മേൽവിലാസം	ഔദ്യോഗിക സ്ഥാനം	ഒപ്പ്
1			
2			
3			
4			

"ചുഴലിക്കാറ്റ് അഭയകേന്ദ്ര പരിപാലന കമ്മറ്റി, _____ " യുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ - നിയമാവലി എന്നിവയുടെ യഥാർഥ പകർപ്പാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

1.

2.

3.

.